## 12-ാം കേരള നിയമസഭ

### ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ:331 — 19.3.2008-ൽ മറുപടിയ്ക്ക്

### പാർപ്പിട നയം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.പി.തിലോത്തമൻ<br>ശ്രീ.എൻ.അനിരുദ്ധൻ<br>ശ്രീമതി.ഇ.എസ്.ബിജിമോൾ<br>ശ്രീ.രാജാജി മാത്യു തോമസ് | ശ്രീ.ബിനോയ് വിശ്വം<br>(ബഹു. വനവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) ഈ സർക്കാർ അധികാരമേറ്റ ശേഷം പാർപ്പിട നയം പ്രഖ്യാപിച്ചിട്ടുണ്ടോ; | (എ) ഈ സർക്കാർ അധികാരമേറ്റശേഷം "കേരള ഭവന നിർമ്മാണ പാർപ്പിട നയ"ത്തിൻെറ കരട് രൂപം തയ്യാറാക്കി പൊതുജനങ്ങളുടെ അഭിപ്രായത്തിനു വേണ്ടി പ്രസിദ്ധീകരിച്ചിട്ടുണ്ട്. |
| (ബി) ഇല്ലെങ്കിൽ പാർപ്പിട നയം രൂപീകരിക്കുന്നതിനുള്ള എന്തൊക്കെ നടപടികളെടുത്തു വരുന്നുണ്ടെന്ന് വ്യക്തമാക്കുമോ? | (ബി) സംസ്ഥാനത്തെ ഭവന രഹിതരായ എല്ലാ താഴ്ന്ന വരുമാനക്കാർക്കും വീട് ലഭ്യമാക്കുക എന്ന ബൃഹത്തായ പദ്ധതി ആവിഷ്ക്കരിച്ചു നടപ്പാക്കുന്നതിനായി ഹഡ്കോയുടെ മുൻ ചെയർമാൻ ശ്രീ.വി.സുരേഷ് ചെയർമാനായി ഒരു കർമ്മ സമിതി രൂപീകരിക്കുകയുണ്ടായി. പ്രസ്തുത കർമ്മ സമിതി കേരളത്തിലെ ഭവന നിർമ്മാണ മേഖലയെക്കുറിച്ചും അനുബന്ധ വിഷയങ്ങളെക്കുറിച്ചുമുള്ള വിശദമായ ചർച്ചകൾക്കും പഠനത്തിനുംശേഷം കേരള ഭവന നിർമ്മാണ പാർപ്പിട നയത്തിൻെറ (2007) കരട് രൂപം പൊതുജനങ്ങളുടെ അഭിപ്രായത്തിനായി |

പ്രസിദ്ധീകരിച്ചു. കരട് പാർപ്പിട നയത്തിന്മേൽ പൊതുജനാഭിപ്രായം രൂപീകരിക്കുന്നതിന് കോഴിക്കോട്, കൊച്ചി, തിരുവനന്തപുരം എന്നീ സ്ഥലങ്ങളിൽവച്ച് മേഖലാ യോഗങ്ങളും, എല്ലാ ജില്ലകളിലും ജില്ലാ തല യോഗങ്ങളും സംഘടിപ്പിക്കുകയുണ്ടായി. പ്രസ്തുത യോഗങ്ങളിൽ ഉരുത്തിരിഞ്ഞ അഭിപ്രായങ്ങളും വ്യക്തികളിൽനിന്നും സംഘടനകളിൽ നിന്നും സ്വരൂപിച്ച നിർദ്ദേശങ്ങളും കർമ്മ സമിതി പരിശോധിച്ച് അതിൽ പ്രസക്തമായ കാര്യങ്ങൾകൂടി ഉൾപ്പെടുത്തി കരട് പാർപ്പിട നയത്തിന്റെ അന്തിമ റിപ്പോർട്ട് കർമ്മസമിതി ചെയർമാൻ സർക്കാരിലേയ്ക്ക് മാർച്ച് 2008ൽ സമർപ്പിച്ചിട്ടുണ്ട്. സർക്കാർ ഈ റിപ്പോർട്ട് വിവിധ വകുപ്പുകളുടെ അഭിപ്രായംകൂടെ പരിഗണിച്ച് പ്രസിദ്ധീകരിക്കുന്നതാണ്.

Santhakumary
സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ

### ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം : 332

19-03-2008-ലെ മറുപടിക്ക്

## എനർജി മാനേജ്മെന്റ് സെന്ററിന്റെ പ്രവർത്തനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. കെ. ജയചന്ദ്രൻ, എം. എൽ. എ.<br>ശ്രീ. കെ. കെ. ദിവാകരൻ, എം. എൽ. എ.<br>ശ്രീ. ജോർജ് എം. തോമസ്, എം. എൽ. എ.<br>ശ്രീ. എ. പ്രദീപ് കുമാർ, എം. എൽ. എ.<br>ശ്രീ. പി. വിശ്വൻ, എം. എൽ. എ. | ശ്രീ. എ. കെ. ബാലൻ<br>(ബഹു. പട്ടികസമുദായ ക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി ) |
| എ) എനർജി മാനേജ്മെന്റ് സെന്ററിന്റെ പ്രവർത്തനം സംബന്ധിച്ച വിശദാംശം വ്യക്തമാക്കുമോ ; | 1996 ൽ രൂപീകരിക്കപ്പെട്ട എനർജി മാനേജ്മെന്റ് സെന്റർ ഊർജ്ജ രൂപങ്ങളുടെയും ശരിയായ ഉപയോഗം പ്രോത്സാഹിപ്പിക്കുന്നതിനും, ഊർജ്ജ മാനേജ്മെന്റ് സംവിധാനങ്ങൾ രൂപപ്പെടുത്തുന്നതിനും പ്രചരിപ്പിക്കുന്നതിനുമുള്ള സംസ്ഥാനതല സ്ഥാപനമാണ്.<br>വ്യവസായ ഊർജ്ജ ഓഡിറ്റിംഗ് പരിശീലന പരിപാടികൾ, ഊർജ്ജ സംരക്ഷണ ബോധവല്ക്കരണ പരിപാടികൾ, സ്കൂളുകളിലെ ഊർജ്ജ സംരക്ഷണ ക്ലബ്ബുകൾ തുടങ്ങിയവ ഇ. എം സി യുടെ പ്രവർത്തനങ്ങളാണ്.<br>2001 ലെ ഊർജ്ജ സംരക്ഷണ നിയമം നടപ്പിലാക്കാനുള്ള സ്റ്റേറ്റ് ഡെസിഗ്നേറ്റഡ് ഏജൻസിയായി നിശ്ചയിച്ചിട്ടുള്ളത് ഇ. എം. സി യെ യാണ്.<br>കേരളത്തിലെ ആദ്യത്തെ പ്രീ-പെയ്ഡ് എനർജി മീറ്റർ കിൻഫ്ര ഇൻഡസ്ട്രിയൽ പാർക്കിൽ സ്ഥാപിച്ചത് ഇ. എം. സി. യുടെ നേതൃത്വത്തിലാണ്.<br>ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന് സംസ്ഥാന സർക്കാർ ഏർപ്പെടുത്തിയ ഊർജ്ജ സംരക്ഷണ അവാർഡുകൾ ഇ. എം. സി മുഖാന്തരമാണ് നൽകുന്നത്.<br>ഇന്ത്യയിലും അയൽ രാജ്യങ്ങളിലും ചെറുകിട ജല വൈദ്യുത പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള UNIDO യുടെ റീജിയണൽ സെന്റർ ഇ. എം. സി യിലാണ് പ്രവർത്തിക്കുന്നത്. |

——— ———

| | | | |
|---|---|---|---|
| ബി. | ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങളിൽ ഊർജ്ജക്ഷമത ഉയർത്തുന്നതിന് സെന്റർ പരിശീലനം നൽകുന്നുണ്ടോ; | ബി. | ഉണ്ട്. ഊർജ്ജ ക്ഷമ സാങ്കേതിക വിദ്യ വികസിപ്പിച്ചെടുക്കൽ, എനർജി ഓഡിറ്റിംഗ് , വ്യവസായ സ്ഥാപനങ്ങളിൽ എനർജി മാനേജർമാരെ നിശ്ചയിക്കലും പരിശീലനവും, വ്യവസായങ്ങളിലെ വിവിധ വിഭാഗം ജീവനക്കാർക്കുള്ള ബോധവല്ക്കരണം തുടങ്ങിയ പ്രവർത്തനങ്ങൾ നടത്തി വരുന്നു. |
| സി. | ഊർജ്ജ സംരക്ഷണ ബോധവൽക്കരണത്തിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ്; | സി. | വിവിധ പ്രാദേശിക സംഘടനകളുമായി ചേർന്ന് ബോധവല്ക്കരണ ക്ലാസ്സുകൾ ലഘുലേഖ, പുസ്തകങ്ങൾ എന്നിവയുടെ വിതരണം, പോസ്റ്റർ പ്രദർശനങ്ങൾ, ദൃശ്യ ശ്രാവ്യ മാധ്യമങ്ങളിലൂടെയുള്ള പ്രചാരണ പരിപാടികൾ. ഊർജ്ജ ക്ഷമ ഉപകരണങ്ങളുടെ പ്രദർശനങ്ങൾ, വിദ്യാർത്ഥികൾക്കുള്ള ഊർജ്ജ സംരക്ഷണ ക്ലബ്ബുകൾ, വനിതാ വാളണ്ടിയർമാർ മുഖാന്തിരം നടത്തുന്ന ഊർജ്ജ ക്ലിനിക്കുകൾ എന്നിവയിലൂടെ ഊർജ്ജ സംരക്ഷണ ബോധവല്ക്കരണം നടത്തി വരുന്നു. |
| ഡി. | വിദ്യാലയങ്ങളിൽ ഊർജ്ജ ക്ലബ്ബുകളുടെ പ്രവർത്തനത്തിന് സെന്റർ സഹായം നൽകുന്നുണ്ടോ ; | ഡി. | ഉണ്ട്. കേരളത്തിലെ 400-ൽ അധികം ഊർജ്ജ സംരക്ഷണ ക്ലബ്ബുകൾക്ക് സഹായം നൽകിവരുന്നു. |
| ഇ. | സെന്ററിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ ? | ഇ. | സ്വീകരിക്കും. ഇതിന്റെ ഭാഗമായി കേന്ദ്രസർക്കാർ സഹായത്തോടെ ഊർജ്ജ മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. സംസ്ഥാനത്തിന് ഒരു ഊർജ്ജ സംരക്ഷണ നയം പ്രഖ്യാപിക്കും. ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്താൻ ഒരു എനർജി കൺസേർവേഷൻ ഫണ്ട് രൂപീകരിക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. ഇ. എം. സി യിൽ പ്രവർത്തിക്കുന്ന യുനിഡോയുടെ റീജിയണൽ സെന്റർ ശക്തിപ്പെടുത്താനും ഉദ്ദേശിക്കുന്നു. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

ഏഴാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 333** | **19.3.2008 ൽ മറുപടിക്ക്**

## ചന്ദന കള്ളക്കടത്ത്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. രാജു<br>ശ്രീ. മങ്കോട് രാധാകൃഷ്ണൻ<br>ശ്രീ. എൻ. രാജൻ | ശ്രീ. ബിനോയ് വിശ്വം<br>(വനവും ഭവനനിർമ്മാണവും വകുപ്പു മന്ത്രി) |
| (എ) സംസ്ഥാനത്ത് ചന്ദന കള്ളക്കടത്ത് പൂർണ്ണമായും തടയുന്നതിന് സാധിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ അതിനുള്ള എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നത് ; | (എ) സംസ്ഥാനത്ത് ചന്ദനക്കള്ളക്കടത്ത് പൂർണ്ണമായും തടയുന്നതിന് പരമാവധി പരിശ്രമിച്ചിട്ടുണ്ട്. അതിൽ വലിയ അളവോളം വിജയം കണ്ടിട്ടുണ്ട്. |
| (ബി) മറയൂരിലെ ചന്ദനക്കാടുകളുടെ സംരക്ഷണത്തിന് സ്വീകരിച്ച നടപടികളെന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ? | (ബി) മറയൂർ ചന്ദനക്കാടുകളുടെ സംരക്ഷണത്തിന് സ്വീകരിച്ച നടപടികൾ താഴെ ചേർക്കുന്നു :<br>1. മറയൂർ ഫോറസ്റ്റ് മറയൂർ ചന്ദന വനം ഡിവിഷൻ എന്ന പേരിൽ ഒരു പുതിയ ഡിവിഷൻ രൂപീകരിച്ചു. നിലവിലുണ്ടായിരുന്ന മറയൂർ റെയിഞ്ചിനെ വിഭജിച്ച് മറയൂർ, കാന്തല്ലൂർ എന്നീ റെയിഞ്ചുകളാക്കുകയും നിലവിലുണ്ടായിരുന്ന മറയൂർ, കാന്തല്ലൂർ എന്നീ ഫോറസ്റ്റ് സ്റ്റേഷനുകളെ നിലനിർത്തി നാച്ചിവയൽ, വണ്ണാന്തുറ എന്നീ സ്ഥലങ്ങളിൽ പുതിയ ഫോറസ്റ്റ് സ്റ്റേഷനുകൾ രൂപീകരിക്കുകയും ചെയ്തു.<br>2. കൂടുതൽ കാര്യക്ഷമത തെളിയിച്ച ജീവനക്കാരെ മറയൂർ ചന്ദന ഡിവിഷനിലെ വന സംരക്ഷണ വിഭാഗത്തിൽ നിയമിച്ചു. |

ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ ഉൾപ്പെടെ 80 ജീവനക്കാരും, ഓഫീസ് വിഭാഗത്തിൽ 14 ജീവനക്കാരുമായി ആകെ 94 ജീവനക്കാർ ഇപ്പോൾ ഇതിനായി നിയോഗിക്കപ്പെട്ടിട്ടുണ്ട്. ഇവിടെയുള്ള സംരക്ഷണ ജീവനക്കാർക്ക് പ്രത്യേക അലവൻസും നൽകുന്നുണ്ട്.

3. ചന്ദന സംരക്ഷണം ഊർജ്ജിതപ്പെടുത്തുന്നതിനായി ജീവനക്കാർക്ക് വാർത്താവിനിമയ ഉപകരണങ്ങൾ, ആയുധങ്ങൾ, വാഹനങ്ങൾ ഇവ നൽകി സജ്ജരാക്കിയിട്ടുണ്ട്. ആകെ പുതുതായി 4 റിവോൾവർ, 26 റൈഫിളുകൾ, 43 വാക്കിടോക്കി, 7 വാഹനങ്ങൾ എന്നിവ നൽകിയിട്ടുണ്ട്.

4. ചന്ദനക്കാടുകൾ ബ്ലോക്കുകൾ ആയി തിരിക്കുകയും അവയ്ക്ക് ചുറ്റും കമ്പിവേലി നിർമ്മിച്ച് വനസംരക്ഷണ ജീവനക്കാരെയും, വാച്ചർമാരെയും വിന്യസിച്ച് ചന്ദന സംരക്ഷണം ഊർജ്ജിതപ്പെടുത്തിയിട്ടുണ്ട്. നിരന്തരം പട്രോളിംഗ് നടത്തുകയും ജീവനക്കാർ ഉൾക്കാടുകളിൽ ക്യാമ്പ് ചെയ്ത് രാത്രിയും പകലും സംരക്ഷണം ഉറപ്പു വരുത്തുകയും ചെയ്യുന്നുണ്ട്. ചെക്ക് പോസ്റ്റുകളിൽ കർശന വാഹന പരിശോധന നടത്തി കുറ്റകൃത്യങ്ങളിൽപ്പെട്ട വാഹനങ്ങളെ അപ്പോഴപ്പോൾ പിടികൂടാറുണ്ട്. മോഷണം പോകുന്ന ചന്ദന മരങ്ങളുടെ എണ്ണം പ്രതിദിനം 7 ൽ നിന്നും 0.20 ആയി കുറഞ്ഞിട്ടുണ്ട്.

5. 24 വനസംരക്ഷണ സമിതികൾ രൂപീകരിച്ച് ചന്ദന സംരക്ഷണത്തിന് ജനങ്ങളുടെ പങ്കാളിത്തം ഉറപ്പ് വരുത്തുന്നുണ്ട്. കൂടാതെ ചന്ദന സംരക്ഷണത്തിന് പൊതുജന സഹകരണം ലഭ്യമാക്കുന്നതിന് വേണ്ടി ചന്ദന

റാലി, ചന്ദന സംരക്ഷണ കൺവെൻഷൻ തുടങ്ങി വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുന്നുണ്ട്. കുറ്റകൃത്യങ്ങളെക്കുറിച്ച് ഡിപ്പാർട്ട്മെന്റിൽ വിളിച്ച് പറയാൻ ഒരു ടോൾ ഫ്രീ ടെലഫോൺ കണക്ഷൻ ആരംഭിച്ചു.

6. സംസ്ഥാനത്ത് അനധികൃതമായി പ്രവർത്തിച്ചിരുന്ന 23 ചന്ദന തൈല ഫാക്ടറികളും നിർത്തലാക്കപ്പെട്ടിട്ടുണ്ട്.

7. ചന്ദന മോഷണം തടയുന്നതിന് ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിലെ മന്ത്രിമാരുടെയും ഉന്നത ഉദ്യോഗസ്ഥന്മാരുടെയും യോഗം സംഘടിപ്പിച്ച് അന്തർ സംസ്ഥാന തലത്തിൽ ചന്ദന മോഷണം തടയുന്നതിനുള്ള നടപടികൾ സ്വീകരിച്ചു.

8. മറയൂർ ചന്ദനക്കാടുകളിലെ ചന്ദന മരങ്ങളുടെ എണ്ണം സംബന്ധിച്ച് ഡെയിലി റിപ്പോർട്ട് വനം മന്ത്രിയുടെ ഓഫീസിൽ എന്നും ലഭ്യമാക്കുന്നുണ്ട്.

9. അന്തർ സംസ്ഥാന വ്യാപ്തമുള്ള ചന്ദന മോഷണ കേസ്സുകൾ സി.ബി.ഐ. ഏറ്റെടുത്ത് അന്വേഷണം നടത്തുവാൻ ഗവൺമെന്റ് ശുപാർശ ചെയ്തിട്ടുണ്ട്.

(signature)

സെക്ഷൻ ഓഫീസർ

**പന്ത്രണ്ടാം കേരള നിയമസഭ**

**ഏഴാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 334** | **19-03-2008 ന് മറുപടിക്ക്**

**വന വിഭവങ്ങൾ എടുക്കാനുള്ള അനുവാദം**

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. പി. സി. വിഷ്ണുനാഥ്:<br>" എ. പി. അനിൽ കുമാർ:<br>" ടി. എൻ. പ്രതാപൻ: | ശ്രീ.ബിനോയ് വിശ്വം<br>(വനവും ഭവന നിർമ്മാണവും<br>വകുപ്പ് മന്ത്രി) |
| (എ) പട്ടിക വർഗ്ഗക്കാർക്കും മറ്റു വനവാസികൾക്കും വനം സംബന്ധിച്ച് എന്തെല്ലാം പ്രത്യേക അവകാശങ്ങളുണ്ട്; | (എ) **The Scheduled Tribes and other Traditional Forest Dwellers (Recognition of Forest Rights) Act, 2006** അനുസരിച്ച് 13-12-2005 നോ അതിന് മുൻപോ വനത്തിൽ താമസിക്കുന്ന ആദിവാസികൾക്കും, 75 വർഷമായി (മൂന്നു തലമുറ) വനത്തിൽ താമസിക്കുന്ന ആദിവാസി അല്ലാത്ത ആൾക്കാർക്കും വ്യക്തികളായോ *(individual)* സമുദായങ്ങളായോ *(Community)* താഴെ പറയുന്ന അവകാശങ്ങൾക്ക് അർഹതയുണ്ട്. ആക്ടിന്റെ സെക്ഷൻ 3(1) ൽ ഇതിനെക്കുറിച്ച് പ്രതിപാദിച്ചിട്ടുണ്ട്.<br><br>(എ) വനത്തിൽ താമസിക്കുന്ന ആദിവാസികൾക്കും പരമ്പരാഗതമായി വനത്തിൽ താമസിക്കുന്ന മറ്റുള്ളവർക്കും വ്യക്തിയായോ (individual) സമുദായമായോ (Community) കൈവശമുള്ള ഭൂമിയിൽ താമസിക്കുന്നതിനും ഉപജീവനത്തിന് കൃഷിചെയ്യുന്നതിനുമുള്ള അവകാശം.<br><br>(ബി) മുൻകാലത്തെ രാജഭരണ സംസ്ഥാനങ്ങളിലും ജമീന്ദാരി അല്ലെങ്കിൽ അതുപോലെയുള്ള ഇടക്കാല ഭരണത്തിലും ഉണ്ടായിരുന്ന നിസ്താർ പോലുള്ള അല്ലെങ്കിൽ മറ്റു പേരിലോ അറിയപ്പെട്ടിരുന്നത് ഉൾപ്പെടെയുള്ള സാമുദായിക അവകാശങ്ങൾ.<br><br>(സി) ഗ്രാമത്തിനകത്തും പുറത്തും നിന്ന് പരമ്പരാഗതമായി ശേഖരിച്ചു വന്ന ചെറുകിട വനവിഭവങ്ങളുടെ ഉടമസ്ഥതയും, ശേഖരണത്തിനും ഉപയോഗത്തിനുമുള്ള അവകാശം. |

(ഡി) പാരമ്പര്യമായി നാടോടി വിഭാഗങ്ങൾക്കും കന്നുകാലികളെ മേയ്ക്കുന്ന വിഭാഗങ്ങൾക്കും കന്നുകാലിയെ മേയ്ക്കുന്നതിനും ജലാശയങ്ങളിൽ നിന്നും മത്സ്യം, മറ്റു ഉൽപ്പന്നങ്ങൾ എന്നിവ ഉപയോഗിക്കുന്നതിനുമുള്ള അവകാശം.

(ഇ) പ്രാക്തന ആദിവാസി സമൂഹങ്ങൾക്കും കാർഷിക വൃത്തിക്കും മുൻപുള്ള സമുദായങ്ങൾക്കും സാമുദായിക വാസസ്ഥലങ്ങളിലും മറ്റും ജന്മഭോഗങ്ങളിലുമുള്ള അവകാശങ്ങൾ.

(എഫ്) ഏതെങ്കിലും സംസ്ഥാനത്ത് ഉടമസ്ഥാവകാശങ്ങൾക്കം നിലനിൽക്കുന്നതും ഏതെങ്കിലും പേരിലറിയപ്പെടുന്ന ഭൂമിയിലും ഭൂമിയുടെ പുറത്തുമുള്ള തർക്ക ഭൂമിയിലെ അവകാശങ്ങൾ.

(ജി) സ്വയംഭരണ സ്ഥാപനങ്ങളോ സംസ്ഥാന സർക്കാരുകളോ പട്ടയങ്ങൾ, പാട്ടങ്ങൾ, ഗ്രാന്റ് എന്നിവയായി നൽകിയിട്ടുള്ളവ ഉടമസ്ഥാവകാശത്തിലേക്ക് മാറ്റാനുള്ള അവകാശങ്ങൾ

(എച്ച്) രേഖപ്പെടുത്തിയോ വിജ്ഞാപനം ചെയ്തോ അല്ലാത്തതോ ആയ എല്ലാ വനഗ്രാമങ്ങളെയും, പുരാതന ആവാസസ്ഥലങ്ങളെയും, സർവ്വേ ചെയ്യാത്ത വനങ്ങളെയും, മറ്റു ഗ്രാമങ്ങളെയും റവന്യൂ വില്ലേജുകളാക്കാനുള്ള ക്രമീകരണങ്ങൾക്കും പരിവർത്തനങ്ങൾക്കുമുള്ള അവകാശം.

(ഐ) സുസ്ഥിരമായ ഉപയോഗത്തിനുവേണ്ടി പരമ്പരാഗതമായി സംരക്ഷിച്ച് നിലനിർത്തിപ്പോന്ന സാമുദായിക വനസമ്പത്തുകളെ സംരക്ഷിക്കാനും നിലനിർത്താനും പരിപാലിക്കാനും പുനരുദ്ധരിക്കാനുമുള്ള അവകാശം.

(ജെ) ഏതെങ്കിലും സംസ്ഥാനത്തിൽ സംസ്ഥാന നിയമം സ്വയംഭരണ ജില്ലാ കൗൺസിലുകളുടെയും സ്വാശ്രയ റീജിയണൽ കൗൺസിലുകളുടെയും നിയമപ്രകാരം അംഗീകരിക്കപ്പെട്ടതോ, മറ്റു പരമ്പരാഗതമായതോ, ആചാരപരമായതോ ഉള്ള ആദിവാസികളുടെ അവകാശങ്ങൾ.

(കെ) ജൈവവൈവിദ്ധ്യ വിഭവങ്ങൾ ഉപയോഗിക്കാനുള്ള അവകാശവും സാംസ്കാരികവും ജൈവ വൈവിദ്ധ്യപരവുമായ പരമ്പരാഗത അറിവുകളുടെ ബൗദ്ധികസ്വത്തവകാശമുള്ള വസ്തുക്കളുടെ സാമുദായിക അവകാശം.

(എൽ) (എ) മുതൽ (കെ) വരെയുള്ള പിരിവുകളിൽ പറയാത്തതും എന്നാൽ ഏതെങ്കിലും തരത്തിൽപ്പെട്ട വന്യജീവികളെ കെണിയിൽപെടുത്തുകയോ വേട്ടയാടുകയോ അവയുടെ ശരീരഭാഗങ്ങളുടെ സമ്പാദിക്കുകയോ ചെയ്യാനുള്ള അധികാരം ഒഴികെ മറ്റു ആചാരപരമായി ആദിവാസികളും മറ്റു പരമ്പരാഗത വനവാസികളും പരമ്പരാഗതമായി അനുഭവിച്ചുപോന്ന അവകാശം.

(എം) 13.12.2005 ന് മുൻപ് നിയമപരമായോ പുനരധിവാസമായോ ഏതു തരത്തിലുള്ള വനഭൂമിയിൽ നിന്നും അവകാശം ലഭിക്കാതെ ഒഴിച്ചുവിടപ്പെട്ടതോ മാറ്റപ്പെട്ടതോ ആയ ആദിവാസികൾക്കും മറ്റു പരമ്പരാഗത വനവാസികൾക്കും അവിടെത്തന്നെ പകരം ഭൂമിയടക്കമുള്ള പുനരധിവാസ അവകാശം.

(ബി) ഇതിൽ എന്തെല്ലാം അവകാശങ്ങൾ അംഗീകരിച്ച് ഉത്തരവിറക്കിയിട്ടുണ്ട്;

(ബി) 2-1-2007 ലാണ് The Scheduled Tribes and other Traditional Forest Dwellers (Recognition of Forest Rights) Act, 2006 പുറപ്പെടുവിച്ചത്. ഇതിന്റെ നടത്തിപ്പിനായുള്ള ചട്ടങ്ങളും നടപടി ക്രമങ്ങളും 1-1-2008 ൽ കേന്ദ്ര സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. ഈ ആക്ട് കേരളത്തിൽ നടപ്പിലാക്കുന്നതിനുള്ള വിശദമായ നിർദ്ദേശങ്ങൾ തയ്യാറാക്കുന്നതിന് G.O(Rt)No.207 /2008/SCSTDD തിയതി, 25-02-2008 പ്രകാരം ഒരു വർക്കിംഗ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്.

(സി) അവർക്ക് എന്തെല്ലാം വന വിഭവങ്ങൾ എടുക്കാനുള്ള അനുവാദമുണ്ടെന്ന് വ്യക്തമാക്കുമോ?

(സി) ഗിരിജൻ സേവന സഹകരണ സംഘങ്ങൾ മുഖേന 145 ഇനം വന വിഭവങ്ങൾ എടുക്കുന്നതിനായിരുന്നു ഇതുവരെയുള്ള അനുവാദം. ആയതിന്റെ പട്ടിക അനുബന്ധമായി ചേർത്തിരിക്കുന്നു. പുതിയ ആക്ടിലെ വ്യവസ്ഥകൾക്ക് അനുസൃതമായിട്ടായിരിക്കും ചെറുകിട വന വിഭവങ്ങൾ ശേഖരിക്കുന്നതിനുള്ള അവകാശങ്ങൾ അംഗീകരിക്കുന്നത്.

സെക്ഷൻ ഓഫീസർ

## അനുബന്ധം

## വനത്തിൽ നിന്നും ശേഖരിക്കാവുന്ന തടിയേതര വനവിഭവങ്ങളുടെ പട്ടിക
(01..04..2007)

| ക്രമ നമ്പർ | പേര് | ക്രമ നമ്പർ | പേര് |
|---|---|---|---|
| 1 | അമൽപൊരി | 40 | പത്തിരിക്കായ |
| 2 | അടപതിയൻ കിഴങ്ങ് | 41 | പത്തിരിപ്പൂവ് |
| 3 | ഇടംപിരി വലംപിരി | 42 | കാട്ടുപടവലം |
| 4 | ആടലോടകവേര് | 43 | പാൽമുതുക്കിൻ കിഴങ്ങ് |
| 5 | ഈന്തപ്പനക്കായ | 44 | പാടക്കിഴങ്ങ് |
| 6 | ഉറുഞ്ചിക്കായ | 45 | പാൽച്ചോറ്റിത്തൊലി |
| 7 | ഓരില | 46 | പൂവണത്തൊലി |
| 8 | ഓടക്കുരു | 47 | പുത്തരിച്ചുണ്ട |
| 9 | കസ്തൂരിമഞ്ഞൾ | 48 | പൊള്ളക്കായ (നാഞ്ചിക്കുരു) |
| 10 | കഴഞ്ചിക്കുരു | 49 | പുന്നപ്പൂവ് |
| 11 | ചെറുതേൻ | 50 | പുളി |
| 12 | കൽപ്പാശം | 51 | പാലിക്കുരു |
| 13 | കണ്ണാടിവെള്ള | 52 | പീനാറി |
| 14 | കടുക്ക | 53 | തകര വേര് |
| 15 | കാട്ടുകുരുമുളകിൻ വള്ളി | 54 | വൻതേൻ |
| 16 | കാട്ടുപാവയ്ക്ക | 55 | തേൻ മെഴുക് |
| 17 | കാട്ടുമഞ്ഞൾ | 56 | താന്നിക്കായ |
| 18 | കാട്ടുതിപ്പല്ലി വേര് | 57 | തേമ്പുക്കായ |
| 19 | കാഞ്ഞിരക്കുരു | 58 | തേറ്റാമ്പരൽ |
| 20 | കാട്ടിഞ്ചി | 59 | താമരക്കിഴങ്ങ് |
| 21 | കാന്താരിമുളക് | 60 | നാങ്കിൻകുരു |
| 22 | [illegible] | 61 | നറുനീണ്ടി (നന്നാറി) |
| 23 | [illegible] | 62 | നീല അമരി |
| 24 | കരിംകുറിഞ്ഞി | 63 | നെല്ലിക്കായ |
| 25 | കാട്ടുപയർവേര് | 64 | നീർവാളക്കുരു |
| 26 | കാട്ടുതുളസി വേര് | 65 | നായ്ക്കുരണപ്പരിപ്പ് |
| 27 | കാട്ടുപുന്നക്കായ | 66 | മഞ്ഞക്കൂവ |
| 28 | കിരിയാത്ത് | 67 | മട്ടിപ്പാൽ |
| 29 | കീഴാർനെല്ലി | 68 | മരോട്ടിക്കുരു |
| 30 | കുന്തിരിക്കം | 69 | മൂവില |
| 31 | കുറുന്തോട്ടി | 70 | മുത്തങ്ങ |
| 32 | കുമിഴിൻവേര് | 71 | മുള്ളിലക്കുരു |
| 33 | കൈതോന്നി | 72 | ചിറ്റരത്തക്കിഴങ്ങ് |
| 34 | കുടംപുളി | 73 | ചീനിക്കായ |
| 35 | കൊപ്പുവെള്ള | 74 | ചിറ്റമൃത് |
| 36 | കോലരക്ക് | 75 | ചെറുതേക്കിൻ വേര് |
| 37 | കൊടിത്തൂവ വേര് | 76 | ചെമ്പരത്തിവേര് |
| 38 | കോലിഞ്ചി | 77 | ചിത്തിരപ്പൂവ് |
| 39 | പട്ടിഞ്ചി | 78 | രാമച്ചം |

| ക്രമ നമ്പർ | പേര് |
|---|---|
| 79 | ചങ്ങലംപരണ്ട |
| 80 | ശതാവരിക്കിഴങ്ങ് |
| 81 | വയമ്പ് |
| 82 | വയണപ്പൂവ് |
| 83 | വൻകുറുന്തോട്ടി |
| 84 | വെള്ളത്തുമ്പ |
| 85 | നീതാരി |
| 86 | തഴുതാമവേര് |
| 87 | വെളുത്താവണക്കിൻവേര് |
| 88 | ഗരുഡക്കൊടി |
| 89 | ജീവകം |
| 90 | ദർഭപ്പുല്ല് |
| 91 | ഏലക്കായ |
| 92 | ചിറ്റേലം |
| 93 | അത്തിത്തിപ്പലി |
| 94 | പ്ലാശ് (പൂവും കായും) |
| 95 | പുൽതൈലം |
| 96 | കറ്റാർവാഴ |
| 97 | ബ്രഹ്മി |
| 98 | എരുക്ക് |
| 99 | ഉഴിഞ്ഞ |
| 100 | തകര |
| 101 | കൊടങ്ങൽ |
| 102 | കാട്ടുവെള്ളരി |
| 103 | കോവൽ |
| 104 | കാക്കത്തൊണ്ടി |
| 105 | നിലപ്പന |
| 106 | ആനച്ചുവടി |
| 107 | കരിങ്കടങ്ങൽ |
| 108 | മേന്തോന്നി |
| 109 | ചക്കരക്കൊല്ലി |
| 110 | തേക്കട |
| 111 | വയൽച്ചുള്ളി |
| 112 | തെറ്റി |
| 113 | താളിപ്പൂവ് |
| 114 | തൊട്ടാവാടി |
| 115 | ഇലഞ്ഞിപ്പൂവ് |
| 116 | നീലനാരകം |
| 117 | പുളിയാറില |
| 118 | ചുവന്ന കൊടുവേലി |
| 119 | പച്ചില |
| 120 | പൊങ്ങീഉണ്ണ് |
| 121 | മുഞ്ഞ |
| 122 | മഞ്ചട്ടി |

| ക്രമ നമ്പർ | പേര് |
|---|---|
| 123 | ഞാവൽ |
| 124 | ഞെരിഞ്ഞിൽ |
| 125 | പൂവൻകുറുന്തൽ |
| 126 | അടയ്ക്കാമണിയൻ |
| 127 | കാട്ടുചേന |
| 128 | ഇലവിൻപശ |
| 129 | കൊടകപ്പാല |
| 130 | കന്നിക്കുരു |
| 131 | കുസ |
| 132 | ലന്തക്കുരു |
| 133 | നാഗപ്പൂവ് |
| 134 | നാഗബപ്പുല്ല് |
| 135 | നായ്ക്കുരണ വേര് |
| 136 | ഞാവൽക്കുരു |
| 137 | ഞെരിഞ്ഞാമ്പുളി കിഴങ്ങ് |
| 138 | പുലിച്ചുവടി |
| 139 | ചെറുപുന്നയരി |
| 140 | ചെറുതിപ്പലി |
| 141 | തിന്താളി |
| 142 | കണ്ടകാരി |
| 143 | കരിഞ്ചീരകം |
| 144 | വിഴാലരി |
| 145 | ചൂൽപ്പുല്ല് |

[Signature]
Section Officer

പന്ത്രണ്ടാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 335      19.03.2008 ൽ മറുപടിയ്ക്ക്

## സമ്പൂർണ്ണ ഊർജ്ജ സുരക്ഷാമിഷൻ പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം. ഉമ്മർ | ശ്രീ. എ.കെ. ബാലൻ<br>(പട്ടികസമുദായ ക്ഷേമവും ഊർജ്ജവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് സമ്പൂർണ്ണ ഊർജ്ജ സുരക്ഷാമിഷൻ പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ; | (എ) ഉണ്ട്. പതിനൊന്നാം പഞ്ചവത്സര പദ്ധതി കാലയളവിൽ ഊർജ്ജമേഖലയുമായി ചേർന്നു നടപ്പാക്കുന്നതിനായി സംസ്ഥാന ആസൂത്രണ ബോർഡ് രൂപം നൽകിയ പദ്ധതിയാണ് "സമ്പൂർണ്ണ ഊർജ്ജ സുരക്ഷാ മിഷൻ". പതിനൊന്നാം പദ്ധതിയിലെ ഊർജ്ജലഭ്യതാ ലക്ഷ്യമായി ആസൂത്രണ കമ്മീഷൻ നിർദ്ദേശിച്ചിട്ടുള്ളത് പ്രതിവർഷം ഒരു കുടുംബത്തിന് കുറഞ്ഞത് 365 യൂണിറ്റ് വൈദ്യുതിയും 8 സിലിണ്ടർ എൽ.പി.ജി.യ്ക്കു തുല്യമായ പാചക ഊർജ്ജവും ലഭ്യമാക്കുകയാണ്. കേരളത്തിലെ എല്ലാ കുടുംബങ്ങൾക്കും ഈ കുറഞ്ഞ ഊർജ്ജ ലഭ്യതയെങ്കിലും ഉറപ്പാക്കുകയാണ് മിഷൻ ലക്ഷ്യമാക്കുന്നത്. സംസ്ഥാനത്തെ എല്ലാ വീടുകളും വൈദ്യുതീകരിക്കുക, മുൻപറഞ്ഞപോലെ പ്രതിദിനം ഒരു കുടുംബത്തിന് കുറഞ്ഞത് ഒരു യൂണിറ്റ് എന്ന നിരക്കിൽ വൈദ്യുതിയും പാചകാവശ്യങ്ങൾക്ക് പ്രതിമാസം ആളോഹരി രണ്ടു കിലോഗ്രാം പാചകവാതകത്തിനു തുല്യമായ താപോർജ്ജവും ലഭ്യമാക്കുക, പൊതുസ്ഥാപനങ്ങൾക്കും ചെറുകിട സംരംഭങ്ങൾക്കും ആവശ്യമായ ഊർജ്ജം ലഭ്യമാക്കുക, ഇവയൊക്കെ നടപ്പാക്കുന്നതിനായി അക്ഷയ ഊർജ്ജ സ്രോതസ്സുകളുടെ |

വികസനത്തിലൂടെയും ഊർജ്ജ സംരക്ഷണ പ്രവർത്തനത്തിലൂടെയും സംസ്ഥാനത്തിന്റെ ഊർജ്ജലഭ്യത വർദ്ധിപ്പിക്കുക തുടങ്ങിയവയായിരിക്കും സമ്പൂർണ്ണ ഊർജ്ജ സുരക്ഷാമിഷന്റെ പ്രവർത്തനങ്ങൾ. പവർ ലൈൻ മാപ്പിംഗ്, ഊർജ്ജ സർവ്വെ, ജൈവവിഭവ സർവ്വെ തുടങ്ങിയ വിവിധ പ്രവർത്തനങ്ങൾ സമ്പൂർണ്ണ ഊർജ്ജസുരക്ഷാമിഷന്റെ ആഭിമുഖ്യത്തിൽ നടന്നുവരുന്നു.

(ബി) ഏതൊക്കെ സ്ഥാപനങ്ങളുടെ സഹകരണത്തോടെയാണ് പദ്ധതി നടപ്പിലാക്കുന്നതെന്നും ഇതിന്റെ പ്രധാന ലക്ഷ്യങ്ങൾ എന്തൊക്കെയാണെന്നും വ്യക്തമാക്കുമോ?

(ബി) വിവിധ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും ഊർജ്ജവകുപ്പിനു കീഴിലുള്ള എനർജി മാനേജ്മെന്റ് സെന്റർ, സംസ്ഥാന വൈദ്യുതിബോർഡ് എന്നീ സ്ഥാപനങ്ങളുടെയും സഹകരണത്തോടെയും കേന്ദ്രസർക്കാരിന്റെ രാജീവ്ഗാന്ധി ഗ്രാമീണ വൈദ്യുതീകരണ യോജന, ദേശീയ ബയോഗ്യാസ് പദ്ധതി തുടങ്ങിയ പദ്ധതികളുമായി സംയോജിപ്പിച്ചു കൊണ്ടുമായിരിക്കും മിഷൻ പ്രവർത്തനങ്ങൾ നടപ്പാക്കുക.

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ: 336

19-3-2008 - ൽ മറുപടിക്ക്

<u>ടൂറിസ്റ്റു കേന്ദ്രങ്ങളിൽ പുതിയ ഹോട്ടലുകൾ</u>

| <u>ചോദ്യം</u> | <u>ഉത്തരം</u> |
|---|---|
| ശ്രീമതി കെ. എസ്. സലീഖ *<br>ശ്രീമതി.കെ.കെ. ശൈലജ ടീച്ചർ<br>ശ്രീ. എം. ഹംസ<br>ശ്രീ. പി.ടി.എ. റഹീം<br>ശ്രീ. ആർ. സെൽവരാജ്. | ശ്രീ. കോടിയേരി ബാലകൃഷ്ണൻ<br>(ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി) |
| (എ) ടൂറിസ്റ്റുകേന്ദ്രങ്ങളിൽ പുതുതായി ഹോട്ടലുകൾ സ്ഥാപിക്കുന്നതിന് കെ.ടി.ഡി.സി പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ; എങ്കിൽ എവിടെ യെല്ലാമാണ് ഹോട്ടലുകൾ സ്ഥാപിക്കുന്നത്; | (എ) മുഴുപ്പിലങ്ങാടിയിൽ ഒരു ബീച്ച് റിസോർട്ട് പുതുതായി സ്ഥാപിക്കുന്നതിന് കെ.ടി.ഡി.സി പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ട്. |
| (ബി) കെ.റ്റി.ഡി.സി `ടാമറിന്റ് ഈസി ഹോട്ടൽ`ശൃംഖല & ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ? | (ബി) കെ.ടി.ഡി.സി. തിരുനെല്ലി, കൊണ്ടോട്ടി, കാലടി എന്നീ സ്ഥലങ്ങളിൽ ` ടാമറിന്റ് ഈസി ഹോട്ടലുകൾ |
| | (സി) |

| | | |
|---|---|---|
| (സി) | ഏതെല്ലാം ടൂറിസ്റ്റുകേന്ദ്രങ്ങളിലാണ് ഇത് സ്ഥാപിക്കുന്നത് ; ഈ ഹോട്ടലുകളുടെ പ്രത്യേകത എന്താണ്; | ആരംഭിച്ചുകഴിഞ്ഞു.കൂടാതെ കെ.ടി.ഡി.സി യുടെ കീഴിൽ പ്രവർത്തിക്കുന്ന മറ്റ് യാത്രിനിവാസുകളെയും ടാമറിന്റ് നിലവാരത്തിലേക്ക് ഘട്ടം ഘട്ടമായി ഉയർത്തികൊണ്ടുവരാൻ ഉദ്ദേശിക്കുന്നുണ്ട്. ഒരേ രീതിയിലുള്ള ഭൗതികസൗകര്യങ്ങൾ ഒരുക്കുക, ഒരേ രീതിയിലുള്ള ഭക്ഷണ സാധനങ്ങൾ , കൂടുതൽ മെച്ചപ്പെട്ട സൗകര്യങ്ങൾ, എല്ലാ മുറിയിലും കൂടുതൽ സൗകര്യങ്ങൾ എന്നിവയാണ് ടാമറിന്റ് ഹോട്ടലുകളുടെ പ്രത്യേകതകൾ. |
| (ഡി) | കൂടുതൽ യാത്രി നിവാസുകൾ (ഡി) സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | പ്രധാനപ്പെട്ട ടൂറിസം ഡെസ്റ്റിനേഷനുകളിൽ യാത്രി നിവാസുകൾ സ്ഥാപിച്ചിട്ടുണ്ട്. കൂടുതൽ യാത്രി നിവാസുകൾ സ്ഥാപിക്കുന്നതിന് ഇപ്പോൾ ആലോചനയില്ല. |

Sunanath

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
നിയമസഭാ ചോദ്യം : **337** 19.03.2008-ൽ മറുപടിക്ക്.

# കെമിക്കൽ എക്സാമിനേഴ്സ് ലബോറട്ടറിയിലെ സൗകര്യങ്ങൾ

**ചോദ്യം**

ശ്രീമതി. പി. അയിഷാ പോറ്റി
ശ്രീ. എം. പ്രകാശൻ മാസ്റ്റർ
ശ്രീ. വി. എൻ. വാസവൻ
ശ്രീ. എ. പ്രദീപ് കുമാർ
ശ്രീ. സി. എച്ച്. കുഞ്ഞമ്പു

**ഉത്തരം**

ശ്രീ. കോടിയേരി ബാലകൃഷ്ണൻ
(ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി)

(എ) കെമിക്കൽ എക്സാമിനേഴ്സ് ലബോറട്ടറിയിലെ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ് ;

: (എ) കെമിക്കൽ എക്സാമിനേഴ്സ് ലാബോറട്ടറിയുടെ നവീകരണത്തിന്റെ ഭാഗമായി ഗ്യാസ് ക്രോമാറ്റോഗ്രാഫ്, ഹൈപെർഫോമൻസ് ലിക്വിഡ് ക്രോമാറ്റോഗ്രാഫ് , അൾട്രാ വയലറ്റ് സ്പെക്ട്രോ ഫോട്ടോമീറ്റർ, എഫ്.റ്റി.ഐ.ആർ., എ.എ.എസ്. തുടങ്ങിയ ആധുനിക ഉപകരണങ്ങൾ വാങ്ങിയിട്ടുണ്ട്.

(ബി) തൊണ്ടി സാധനങ്ങളുടെ പരിശോധനയിൽ എന്തുമാത്രം പുരോഗതി കൈവരിക്കുവാൻ കഴിഞ്ഞിട്ടുണ്ട് ;

(ബി) ഈ വകുപ്പിൽ ശരാശരി ഒരു വർഷം 22,100 കേസുകളിൽപ്പെട്ട 66,700 സാമ്പിളുകൾ പരിശോധനയ്ക്ക് ലഭിക്കാറുണ്ട്. മുൻവർഷങ്ങളിൽ തീർപ്പാകാതെ കിടക്കുന്ന കേസുകളുൾപ്പെടെ ശരാശരി ഒരു വർഷം 21,000 കേസുകളിൽപ്പെട്ട 67,000 സാമ്പിളുകൾ പരിശോധിച്ച്

(Contd.......2/-)

സർട്ടിഫിക്കറ്റുകൾ അയയ്ക്കാറുണ്ട്.
അന്വേഷണ ഉദ്യോഗസ്ഥരും കോടതികളും ജനപ്രതിനിധികളും ആവശ്യപ്പെടുന്ന കേസുകൾ സമയബന്ധിതമായി പരിശോധിച്ച് റിപ്പോർട്ട് നൽകിവരുന്നുണ്ട്

(സി) ഇപ്പോൾ എത്ര കേസുകളുമായി ബന്ധപ്പെട്ട എത്ര തൊണ്ടി സാധനങ്ങൾ പരിശോധനയ്ക്കായി അവശേഷിക്കുന്നു ; : (സി) 01.01.2008-ലെ കണക്കനുസരിച്ച് **29,743** കേസുകളിൽപ്പെട്ട **1,07,301** തൊണ്ടി സാധനങ്ങൾ പരിശോധനയ്ക്കായി അവശേഷിക്കുന്നു.

(ഡി) രാസപരിശോധനകൾ കൃത്യമായും വേഗത്തിലും നടത്തുന്നതിനായി അത്യാധുനിക ഉപകരണങ്ങൾ വാങ്ങുന്നതിന് നടപടി സ്വീകരിക്കുമോ ; : (ഡി) നടപടി സ്വീകരിച്ചു വരുന്നു.

(ഇ) ബാഹ്യശക്തികളുടെ സ്വാധീനം രാസപരിശോധന റിപ്പോർട്ടുകളിൽ ഉണ്ടാകാതിരിക്കാൻ സംവിധാനം ഏർപ്പെടുത്തുമോ ? : (ഇ) ബാഹ്യശക്തികളുടെ സ്വാധീനം രാസപരിശോധനാ റിപ്പോർട്ടുകളിൽ ഉണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

[illegible]

പന്ത്രണ്ടാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ 338 — 19/3/2008 – ൽ മറുപടിയ്ക്ക്

## ക്യാമ്പ് ഫോളവേഴ്സിന്റെ ഒഴിവുകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ജോസഫ് എം.പുതുശ്ശേരി :<br>ശ്രീ. റോഷി അഗസ്റ്റിൻ :<br>ശ്രീ.തോമസ് ചാഴികാടൻ: | ശ്രീ. കോടിയേരി ബാലകൃഷ്ണൻ<br>(ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി) |

| | |
|---|---|
| (എ) സംസ്ഥാന പോലീസ് വകുപ്പിൽ ക്യാമ്പ് ഫോളവേഴ്സിന്റെ ആകെ ഒഴിവുകൾ എത്ര ; ജില്ലതിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ ; | (എ) 151.<br>ജില്ല/യൂണിറ്റ് തിരിച്ചുള്ള കണക്ക് അനുബന്ധം – I ആയി ചേർക്കുന്നു. |
| (ബി) ഇക്കൂട്ടരുടെ ഡ്യൂട്ടികൾ എന്തൊക്കെ; പൊലീസ് വകുപ്പിലെ ഏതൊക്കെ വിഭാഗങ്ങളിലാണ് ഇവർ സേവനമനുഷ്ഠിക്കുന്നത് ; | (ബി) സേനാംഗങ്ങൾക്ക്വേണ്ടി ഭക്ഷണം പാകം ചെയ്യൽ, മുടി വെട്ടൽ, വസ്ത്രം തേയ്ക്കൽ, വെള്ളം കോരി എത്തിക്കൽ, കുതിരകളുടെ പരിപാലനം, സേനാംഗങ്ങളുടെ പാദരക്ഷകൾ നന്നാക്കുക. പൂന്തോട്ട ജോലികൾ, ശുചീകരണ ജോലികൾ എന്നിവയാണ് ഇക്കൂട്ടരുടെ ജോലികൾ. കുക്ക്, ബാർബർ, ധോബി, വാട്ടർ ക്യാരിയർ, സൈസ്സ്, സാഡ്ലർ, കോബ്ളർ, സ്വീപ്പർ/ക്ലീനർ/സാനിട്ടേഷൻ വർക്കർ/ ഗാർഡ്നർ എന്നീ വിഭാഗങ്ങളിലാണ് ക്യാമ്പ് ഫോളോവർമാർ സേവനം അനുഷ്ഠിക്കുന്നത്. |

| | |
|---|---|
| (സി) ഇവരുടെ സേവനം വകുപ്പിലെ ഉയർന്ന ഉദ്യോഗസ്ഥർ ദുരുപയോഗം ചെയ്യുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ആയത് അവസാനിപ്പിക്കുവാൻ സത്വര നടപടി സ്വീകരിക്കുമോ ; | (സി) ഇത്തരം പരാതികൾ ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ക്യാമ്പ് ഫോളോവർമാരുടെ സേവനം ദുരുപയോഗം ചെയ്യാതിരിക്കാനായി ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് കർശന നിർദ്ദേശം നല്കിയിട്ടുണ്ട്. |
| (ഡി) ഇക്കാര്യവുമായി ബന്ധപ്പെട്ട് പി.എച്ച്.ക്യു. കത്ത് നംപർ എൽ3. 33801/07 തീയതി 24–4–2007 പ്രകാരം പുറപ്പെടുവിച്ച നിർദ്ദേശങ്ങൾ കർശനമായി നടപ്പിൽ വരുത്തിയിട്ടുണ്ടോ ; എങ്കിൽ എപ്രകാരം ; ഇല്ലെങ്കിൽ, എന്തുകൊണ്ട് ? | (ഡി) ഇക്കാര്യവുമായി ബന്ധപ്പെട്ട് പി.എച്ച്.ക്യു കത്ത് നം.എൽ3 – 33801–07 തീയതി 24.4.2007 പ്രകാരം ക്യാമ്പ് ഫോളോവർമാരുടെ സേവനം ദുരുപയോഗം ചെയ്യാൻ പാടില്ലായെന്ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് കർശന നിർദ്ദേശം നല്കിയിട്ടുണ്ട്. ഇതിൽ വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ കർശന നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

അനുബന്ധം

## ക്യാമ്പ് ഫോളോവർമാരുടെ ഒഴിവുകൾ സംബന്ധിച്ച യൂണിറ്റ് തിരിച്ചുള്ള കണക്ക്

| ക്രമനം. | യൂണിറ്റ് | ഒഴിവുകളുടെ എണ്ണം. |
|---|---|---|
| 1 | തിരുവനന്തപുരം സിറ്റി | 13<br>( കുക്ക് / സ്വീപ്പർ 1, ബാർബർ 4, ധോബി 4, , ടെയ്‌ലർ 3, സാഡിലർ 1 ) |
| 2 | തിരുവനന്തപുരം റൂറൽ | 2<br>( സ്വീപ്പർ 1, ബാർബർ 1 ) |
| 3 | കൊല്ലം | 5<br>( കുക്ക് 1, സ്വീപ്പർ 4) |
| 4 | പത്തനംതിട്ട | Nil |
| 5 | ആലപ്പുഴ | Nil |
| 6 | കോട്ടയം | 2<br>( സ്വീപ്പർ / സാനിട്ടേഷൻവർക്കർ ) |
| 7 | ഇടുക്കി | 3<br>( ബാർബർ 1, കുക്ക് 1 , സ്വീപ്പർ 1 ) |
| 8 | എറണാകുളം സിറ്റി | 4<br>( സ്വീപ്പർ 2, ധോബി 1, കുക്ക് 1 ) |
| 9 | എറണാകുളം റൂറൽ | 2<br>( ധോബി 1, സ്വീപ്പർ 1 ) |
| 10 | തൃശ്ശൂർ | 7<br>( സ്വീപ്പർ 5, കുക്ക് 1 , ധോബി 1 ) |
| 11 | പാലക്കാട് | 3<br>( സ്വീപ്പർ 2, ധോബി 1 ) |
| 11 | മലപ്പുറം | 6<br>( വാട്ടർ കാരിയർ 1, സ്വീപ്പർ 2 , ബാർബർ 2, കുക്ക് 1 ) |
| 12 | കോഴിക്കോട് സിറ്റി | 3<br>( കുക്ക് 1, ബാർബർ 1, സ്വീപ്പർ 1 ) |
| 13 | കോഴിക്കോട് റൂറൽ | 1<br>( സ്വീപ്പർ 1 ) |
| 14 | വയനാട് | 1<br>( ബാർബർ 1 ) |
| 15 | കണ്ണൂർ | 2<br>( വാട്ടർ കാരിയർ 1,ബാർബർ 1 ) |
| 16 | കാസർഗോഡ് | 3<br>( കുക്ക് 1, സ്വീപ്പർ 1, ധോബി 1 ) |

| ക്രമ.നം. | യൂണിറ്റ് | ഒഴിവുകളുടെ എണ്ണം. |
|---|---|---|
| 17 | എസ്.എ.പി | 4<br>( ധോബി 2, സ്വീപ്പർ 2, ) |
| 18 | എസ്.ആർ.എഫ് | 5<br>( ബാർബർ 2, ധോബി 1, കുക്ക് 1 , വാട്ടർ കാരിയർ 1 ) |
| 19 | എം.എസ്.പി | 18<br>( സ്വീപ്പർ 9, കുക്ക് 5, ധോബി 1, വാട്ടർ കാരിയർ 3 ) |
| 20 | കെ.എ.പി 1 | 20<br>( ബാർബർ 2, ധോബി 2, കുക്ക് 10, സ്വീപ്പർ 5, വാട്ടർ കാരിയർ 1 ) |
| 21 | കെ.എ.പി 2 | 3<br>( ധോബി 1, സ്വീപ്പർ 2 |
| 22 | കെ.എ.പി 3 | 8<br>( കുക്ക് 5, ബാർബർ 1, ധോബി 1, വാട്ടർ കാരിയർ 1 ) |
| 23 | കെ.എ.പി 4 | 9<br>( കുക്ക് 2, ധോബി 3, സ്വീപ്പർ 2, ബാർബർ 2 ) |
| 24 | കെ.എ.പി 5 | 15<br>( ധോബി 4, കുക്ക് 6, സ്വീപ്പർ 3 , ബാർബർ 3 ) |
| 25 | പി.ടി.സി | 3<br>( ബാർബർ 1, സ്വീപ്പർ 1, ഗാർഡനർ 1 ) |
| 26 | കേരള പോലീസ് അക്കാദമി | 9<br>( കുക്ക് ) |
| 27 | ടെലികമ്മ്യൂണിക്കേഷൻ | Nil |
| | ആകെ | **151** |

(signature)
Section Officer

പന്ത്രണ്ടാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 339 — 19.3.2008 - ൽ മറുപടിക്ക്

" ബാങ്കുകളുടെ സുരക്ഷ "

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. കെ. സുധാകരൻ:<br>പ്രൊഫ. കെ. വി. തോമസ്:<br>ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ: | ശ്രീ. കോടിയേരി ബാലകൃഷ്ണൻ<br>ആഭ്യന്തരവും വിജിലൻസും<br>വിനോദസഞ്ചാരവും വകുപ്പ് മന്ത്രി. |
| (എ) ചേലേമ്പ്ര ബാങ്ക് കവർച്ചയുടെ പശ്ചാത്തലത്തിൽ ബാങ്കുകളുടെ സുരക്ഷ ഉറപ്പാക്കുന്നതിന് കൈക്കൊണ്ടിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ ? | (എ) ചേലേമ്പ്ര ബാങ്ക് കവർച്ചയുടെ പശ്ചാത്തലത്തിൽ ബാങ്കുകളുടെ സുരക്ഷ ഉറപ്പാക്കുന്നതിന് ബാങ്കുകളുടെയും ധനകാര്യ സ്ഥാപനങ്ങളുടെയും മാനേജർമാരെയും മറ്റു ബന്ധപ്പെട്ട അധികാരികളേയും ഉൾപ്പെടുത്തി മീറ്റിംഗുകൾ സംഘടിപ്പിച്ച് ബാങ്കുകളുടെയും ധനകാര്യ സ്ഥാപനങ്ങളുടെയും സുരക്ഷയെ സംബന്ധിച്ച മാർഗ്ഗ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. എല്ലാ പോലീസ് Night Patrolling പാർട്ടികളും, ബാങ്കുകൾ, ധനകാര്യ സ്ഥാപനങ്ങൾ എന്നിവയും അവയുടെ പരിസരങ്ങളും പ്രത്യേകം നിരീക്ഷണം നടത്തുകയും പട്രോൾ ബുക്കുകൾ സ്ഥാപിച്ച് നിരന്തര പരിശോധന നടത്തി വരികയും ചെയ്യുന്നുണ്ട്. |
| (ബി) ഈ സർക്കാർ അധികാരമേറ്റ ശേഷം ബാങ്കുകൾ കവർച്ച ചെയ്യപ്പെട്ട എത്ര സംഭവങ്ങൾ ഉണ്ടായിട്ടുണ്ട്; | (ബി) 9 സംഭവങ്ങൾ ഉണ്ടായിട്ടുണ്ട്. |
| (സി) ഈ സംഭവങ്ങളിൽ എത്ര തുകയാണ് നഷ്ടപ്പെട്ടിട്ടുള്ളത് ? | (സി) 15,55,17,922/- രൂപയുടെ നഷ്ടമുണ്ടായതായി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. |

# വിശദീകരണ കുറിപ്പ്

കെമിക്കൽ എക്സാമിനേഴ്സ് ലാബൊറട്ടറി വകുപ്പിലെ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി ആധുനിക ഉപകരണങ്ങൾ വാങ്ങിയിട്ടുണ്ട്. ആധുനിക പരിശോധനാ രീതികളിൽ പരിശീലനം ലഭിക്കുന്നതിനായി സാങ്കേതിക വിഭാഗം ജീവനക്കാരെ ന്യൂഡൽഹിയിലെ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ക്രിമിനോളജി ആന്റ് ഫോറൻസിക് സയൻസ്, ഹൈദരാബാദിലെ സെൻട്രൽ ഫോറൻസിക് ലാബൊറട്ടറി എന്നിവിടങ്ങളിൽ പരിശീലനത്തിന് അയയ്ക്കാറുണ്ട്. ഒരു വർഷം ശരാശരി **22,100** കേസുകളിൽപ്പെട്ട **68,700** സാമ്പിളുകൾ പരിശോധനയ്ക്ക് ലഭിക്കാറുണ്ട്. മുൻവർഷങ്ങളിൽ തീർപ്പാകാതെ കിടക്കുന്ന കേസുകളുൾപ്പെടെ **21,000** കേസുകളിൽപ്പെട്ട 67,000 സാമ്പിളുകൾ ശരാശരി പരിശോധിച്ചു റിപ്പോർട്ടുകൾ ഓരോ വർഷവും നൽകുന്നുണ്ട്. **01.01.2008**-ലെ കണക്കനുസരിച്ച് **29,743** കേസുകളിൽപ്പെട്ട **1,07,301** തൊണ്ടി സാധനങ്ങൾ പരിശോധനയ്ക്കായി കെട്ടിക്കിടപ്പുണ്ട്. എന്നിരുന്നാലും, അന്വേഷണ ഉദ്യോഗസ്ഥരും, കോടതികളും, ജനപ്രതിനിധികളും ആവശ്യപ്പെടുന്ന കേസുകൾ സമയബന്ധിതമായി പരിശോധിച്ചു റിപ്പോർട്ട് നൽകിവരുന്നുണ്ട്. ഈ വകുപ്പിലെ 5 സാങ്കേതിക ഡിവിഷനുകളിലായി പരിശോധനയ്ക്കായി കെട്ടിക്കിടക്കുന്ന കേസുകളുടെ എണ്ണം ചുവടെ ചേർക്കുന്നു:

| | കേസ് | തൊണ്ടി സാധനങ്ങൾ |
|---|---|---|
| 1. ടോക്സിക്കോളജി | 20,465 | 80,329 |
| 2. സീറോളജി | 881 | 2,867 |
| 3. എക്സൈസ് | 8,196 | 22,499 |
| 4. നാർക്കോട്ടിക് | 124 | 1,318 |
| 5. മിസലേനിയസ് | 77 | 288 |

ബാഹ്യശക്തികളുടെ സ്വാധീനം പരിശോധനാ റിപ്പോർട്ടുകളിൽ ഉണ്ടാകാതിരിക്കാൻ ജാഗ്രത പുലർത്തിവരുന്നു.

പന്ത്രണ്ടാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ: 340

19-3-2008 - ൽ മറുപടിക്ക്

ടൂറിസം ക്ലബ്ബുകളെ പ്രോത്സാഹിപ്പിക്കുന്നതിന് നടപടി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. ടി.പി. കുഞ്ഞുണ്ണി<br>ശ്രീമതി. പി. അയിഷാ പോറ്റി<br>ശ്രീ. കെ. കുഞ്ഞി രാമൻ<br>ശ്രീ.ബി. രാഘവൻ<br>ശ്രീ. കെ. ടി. ജലീൽ | ശ്രീ. കോടിയേരി ബാലകൃഷ്ണൻ<br>(ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി) |
| (എ) ജനങ്ങൾക്ക് ടൂറിസത്തെ ക്കുറിച്ചുള്ള അവബോധം ഉണ്ടാക്കുന്നതിനായി ടൂറിസം ക്ലബ്ബുകളെ പ്രോത്സാഹിപ്പി ക്കുന്നതിന് പദ്ധതി ആവിഷ്ക്ക രിച്ചിട്ടുണ്ടോ; | (എ) ഉണ്ട്. സംസ്ഥാന ടൂറിസം വകുപ്പിന്റെ ആഭിമുഖ്യത്തിൽ 14 ജില്ലകളിലേയും ഡി.റ്റി.പി.സി മുഖേന ഹയർസെക്കണ്ടറി സ്കൂളുകളിലും കോളേജുകളിലും ടൂറിസം ക്ളബ്ബുകൾ പ്രവർത്തിച്ചുവരുന്നു. |
| (ബി) സ്കൂളുകളിലും കോളേജു കളിലുമായി ഇപ്പോൾ എത്ര ടൂറിസം ക്ലബ്ബുകൾ പ്രവർത്തിക്കുന്നു; | (ബി) 782 ടൂറിസം ക്ലബ്ബുകളാണ് ഈ വർഷം റി രജിസ്റ്റർ ചെയ്തിരിക്കുന്നത്. |
| (സി) എല്ലാ കോളേജുകളിലും ഹൈസ്കൂളുകളിലും ഹയർ സെക്കണ്ടറി സ്കൂളുകളിലും ടൂറിസം ക്ലബ്ബുകൾ രൂപീകരിക്കുമോ ; | (സി) എല്ലാ ഹയർസെക്കണ്ടറി സ്കൂളുകളിലും കോളേജുകളിലും ടൂറിസം ക്ലബ്ബുകൾ രൂപീകരിക്കുവാനുള്ള ശ്രമത്തിലാണ്. |
| ഡി) ക്ലബ്ബ് അംഗങ്ങൾക്ക് പ്രധാന പ്പെട്ട ടൂറിസം കേന്ദ്രങ്ങൾ | ഡി) ടൂറിസം കേന്ദ്രങ്ങൾ സന്ദർശിക്കുന്നതിനുള്ള പഠനബോധവൽക്കരണ യാത്രയ്ക്കായി ഓരോ |

→

| | |
|---|---|
| സന്ദർശിക്കുന്നതിന് ടൂറിസം വകുപ്പ് സൗകര്യം ഏർപ്പെടുത്തുമോ? | ജില്ലയ്ക്കും പ്രതിവർഷം 20,000 രൂപ ഡി.റ്റി.പി.സി മുഖേന അനുവദിച്ചു നൽകിയിട്ടുണ്ട്. |

Sanoop

സെക്ഷൻ ഓഫീസർ

# പന്ത്രണ്ടാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട

ചോദ്യം നമ്പർ–341          19/3/2008-ൽ മറുപടിയ്ക്ക്

### ജയിലുകളിലെ ദുഷ് പ്രവണതകൾക്കെതിരെ റെയ്ഡ്

ചോദ്യം          ഉത്തരം

ശ്രീ. കോടിയേരി ബാലകൃഷ്ണൻ:

ശ്രീ. തോമസ് ചാഴികാടൻ :      (ബഹു: ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി):

ശ്രീ. റോഷി അഗസ്റ്റിൻ :

| | |
|---|---|
| (എ). സംസ്ഥാനത്തെ ജയിലുകളിൽ മദ്യവും മയക്കുമരുന്നും യഥേഷ്ടം പ്രവഹിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത്തരം എത്ര കേസുകൾ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്; | (എ). കേരളത്തിലെ ജയിലുകളിൽ മദ്യവും മയക്കുമരുന്നും യഥേഷ്ടം പ്രവഹിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ കഞ്ചാവും മദ്യവും കണ്ടെത്തിയതിനെത്തുടർന്ന് 19 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. |
| (ബി). ഈ പ്രവണത നിരുത്സാഹപ്പെടുത്തുന്നതിന് എന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്; | (ബി). 1958 ലെ ജയിൽ ചട്ടപ്രകാരമുള്ള എല്ലാ നടപടികളും സ്വീകരിക്കാറുണ്ട്. കോടതികളിൽ പോയി വരുന്നവരെ ഗേറ്റിൽ വിശദമായ പരിശോധനയ്ക്ക് വിധേയമാക്കാറുണ്ട്. പരിശോധന സമയത്ത് നിരോധിത വസ്തുക്കൾ കൈവശം കണ്ടുപിടിക്കപ്പെടുന്നവരുടെ പേരിൽ പോലീസ് കേസ് എടുക്കുന്നതിന് നടപടികൾ സ്വീകരിക്കാറുണ്ട്. ജയിൽ ബ്ലോക്കുകളിലും സെല്ലുകളിലും ഇടയ്ക്കിടെ സെർച്ച് നടത്താറുണ്ട്. പോലീസിന്റെ ഒരു സംഘം ഒരു സബ് ഇൻസ്പെക്ടറുടെ നേതൃത്വത്തിൽ ജയിലിൽ വരികയും പോവുകയും ചെയ്യുന്ന തടവുകാരെ കർശനമായ പരിശോധന നടത്തുന്നുണ്ട്. |
| (സി). ജയിലുകളിൽ നടക്കുന്ന ഇത്തരം ദുഷ് പ്രവണതകൾക്കെതിരെ റെയ്ഡ് നടത്തുന്നതിന് പ്രത്യേക അന്വേഷണ സംഘത്തെ ഏർപ്പെടുത്തുമോ? | (സി). മേഖലാ ഡി.ഐ.ജി മാരുടെ നേതൃത്വത്തിൽ പ്രധാനപ്പെട്ട ജയിലുകളിൽ പ്രത്യേക റെയ്ഡ് നടത്തുകയും ജയിലിനകത്ത് മുന്നറിയിപ്പ് കൂടാതെ ഇടക്കിടെ ജയിൽ ഓഫീസർമാരുടെ നേതൃത്വത്തിൽ റെയ്ഡ് നടത്തുകയും ചെയ്യുന്നുണ്ട്. പ്രത്യേക അന്വേഷണ സംഘത്തെ ഏർപ്പെടുത്തുന്ന കാര്യം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ.

പന്ത്രണ്ടാം കേരള നിയമസഭ

ഏഴാം സമ്മേളനം

<u>നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 342</u> <u>19.3.2008 ൽ മറുപടിക്ക്</u>

## <u>വന്യജീവിസംരക്ഷണത്തിന് പദ്ധതികൾ</u>

| <u>ചോദ്യം</u> | <u>ഉത്തരം</u> |
|---|---|
| ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി | ശ്രീ. ബിനോയ് വിശ്വം<br>(വനവും ഭവനനിർമ്മാണവും വകുപ്പു മന്ത്രി) |
| (എ) വന്യജീവി സംരക്ഷണത്തിന് നടപ്പിലാക്കി വരുന്ന പദ്ധതികൾ എന്തൊക്കെയാണ് ; | (എ) വന്യജീവി സംരക്ഷണത്തിന് കേരള സംസ്ഥാനത്ത് താഴെ പറയുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നു.<br><br>1. 100% കേന്ദ്ര സഹായമുള്ള ആന സംരക്ഷണ പദ്ധതി *(Project Elephant)*<br>2. 100% കേന്ദ്ര സഹായമുള്ള നീലഗിരി ബയോസ്ഫിയർ റിസർവ്വ് പദ്ധതി.<br>3. 100% കേന്ദ്ര സഹായമുള്ള അഗസ്ത്യവനം ബയോസ്ഫിയർ റിസർവ് പദ്ധതി.<br>4. 50% കേന്ദ്ര സഹായമുള്ള കടുവാ സംരക്ഷണ പദ്ധതി *(Project Tiger)*<br>5. 50% കേന്ദ്ര സഹായത്തോടെ നടപ്പിലാക്കുന്ന വന്യജീവി സങ്കേതങ്ങൾ, പക്ഷിസങ്കേതങ്ങൾ, ദേശീയോദ്യാനങ്ങൾ എന്നിവയുടെ വികസനത്തിനായുള്ള പദ്ധതികൾ.<br><br>ഈ പദ്ധതികൾ കേരളത്തിലെ 12 വന്യജീവി സംരക്ഷണ കേന്ദ്രങ്ങളിലും 5 ദേശീയോദ്യാനങ്ങളിലും, 3 പക്ഷി സങ്കേതങ്ങളിലും നടപ്പിലാക്കി വരുന്നു. |

(ബി) കഴിഞ്ഞ 10 വർഷങ്ങൾക്കിടയിൽ വന്യജീവി സമ്പത്തിൽ കുറവു വന്നിട്ടുണ്ടോ ; എങ്കിൽ അവ പരിഹരിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ?

(ബി) ചുരുക്കം ചില വന്യജീവികളുടെ എണ്ണത്തിൽ ഏറ്റക്കുറച്ചിലുകൾ ഉണ്ടായിട്ടുണ്ടെങ്കിലും പൊതുവിൽ വന്യജീവി സമ്പത്തിന് കുറവുണ്ടായിട്ടില്ല.

വന്യജീവികളുടെയും അവയുടെ ആവാസ വ്യവസ്ഥകളുടെയും സംരക്ഷണത്തിന് കൂടുതൽ ഊന്നൽ നൽകിക്കൊണ്ട് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. നായാട്ട് തടയൽ, വന്യജീവി സംബന്ധമായ കേസുകളുടെ ഫലപ്രദമായ അന്വേഷണവും, പ്രോസിക്യൂഷനും, പ്രൊട്ടക്ഷൻ ക്യാമ്പുകൾ, കാട്ടുതീ തടയൽ, ഇന്റലിജൻസ് വിഭാഗത്തിന്റെ പ്രവർത്തനം ശക്തിപ്പെടുത്തൽ, ജനപങ്കാളിത്തത്തോടെയുള്ള വനസംരക്ഷണം എന്നിവയാണ് സ്വീകരിച്ചിരിക്കുന്ന നടപടികൾ.

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ :343

19-3-2008 ൽ മറുപടിയ്ക്ക്

## തീർത്ഥാടന കേന്ദ്രങ്ങളുമായി ബന്ധപ്പെടുത്തി ടൂറിസം പദ്ധതികൾ

ചോദ്യം
ശ്രീ.എം.വി.ശ്രേയാംസ് കുമാർ :
ശ്രീ.കെ സി.രാജഗോപാലൻ :
ശ്രീമതി.ജെ.അരുന്ധതി :
ശ്രീ.രാജു എബ്രഹാം :
ശ്രീ.കെ.ടി.ജലീൽ :

ഉത്തരം
ശ്രീ.കോടിയേരി ബാലകൃഷ്ണൻ
(ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി)

| ചോദ്യം | ഉത്തരം |
|---|---|
| (എ) കേരളത്തിലെ പ്രധാന തീർത്ഥാടന കേന്ദ്രങ്ങളുമായി ബന്ധപ്പെടുത്തിയുള്ള ടൂറിസം പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ ; | (എ) ഉണ്ട്. |
| (ബി) എവിടെയെല്ലാമാണ് പ്രസ്തുത പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നത് , | (ബി) കേന്ദ്ര സർക്കാരിന്റെ പിൽഗ്രിം ടൂറിസം സർക്യൂട്ടിൽ താഴെപ്പറയുന്ന തീർത്ഥാടന കേന്ദ്രങ്ങൾ ഉൾപ്പെടുന്നു. |

1. ജനാർദ്ദന സ്വാമി ക്ഷേത്രം വർക്കല
2. ഓച്ചിറ ക്ഷേത്രം
3. അമ്പലപ്പുഴ ക്ഷേത്രം
4. പരുമല പള്ളി
5. ചക്കുളത്തുകാവ് ക്ഷേത്രം
6. വല്ലാർപാടം പള്ളി
7. വൈക്കം മഹാദേവ ക്ഷേത്രം
8. ചേരമാൻ മസ്ജിദ്
9. കൊടുങ്ങല്ലൂർ ക്ഷേത്രം
10. ഭരണങ്ങാനം പള്ളി

11. തിരുനാവായ ക്ഷേത്രം

12. കൊട്ടിയൂർ ക്ഷേത്രം

13. അനന്തപുരം ക്ഷേത്രം,
    കാസർഗോഡ്.

14. മാലിക് ദിനാർ കാസർഗോഡ്

15. കൂടൽ മാണിക്യം ക്ഷേത്രം

16. വെള്ളായണി ക്ഷേത്രം

17. ഇടത്വാ പള്ളി

18. ചെട്ടികുളങ്ങര ക്ഷേത്രം

19. ആറാട്ടുപുഴ ക്ഷേത്രം

20. അരുവിപ്പുറം ക്ഷേത്രം

സംസ്ഥാന പദ്ധതി പ്രകാരം താഴെപ്പറയുന്ന തീർത്ഥാടന കേന്ദ്രങ്ങളിൽ സൗകര്യങ്ങൾ ഒരുക്കി വരുന്നു.

1. മലയാറ്റൂർ പള്ളി
2. വർക്കല ശിവഗിരി ക്ഷേത്രം
3. ശാർക്കര ദേവീ ക്ഷേത്രം
4. കക്കാഴം പള്ളി
5. ലേഡി അസംപ്ഷൻ പള്ളി
6. അർത്തുങ്കൽ പള്ളി
7. ആറ്റുകാൽ ക്ഷേത്രം
8. ബീമാ പള്ളി
9. പാലക്കൽ മാർത്തോമ്മ
   പള്ളി
10. മലയാലപ്പുഴ
11. തിരുനെല്ലി അമ്പലം
12. എരുമേലി
13. കണിച്ചുകുളങ്ങര ദേവീ
    ക്ഷേത്രം

No. 18976/C2/08/TSm

| | | | |
|---|---|---|---|
| (സി) | ഇവിടെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും, ഫെസിലിറ്റേഷൻ സെന്ററുകൾ നിർമ്മിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ടോ ; | (സി) | ഉണ്ട്. |
| (ഡി) | പദ്ധതിക്കായി കേന്ദ്ര സർക്കാരിൽ നിന്നും സഹായം ലഭിച്ചിട്ടുണ്ടോ , | (ഡി) | പിൽഗ്രിം ടൂറിസം സർക്യൂട്ടിൽ ഉൾപ്പെട്ട പ്രവർത്തികൾ കേന്ദ്ര ധനസഹായത്തോടുകൂടി കൂടിയുള്ളതാണ് |
| (ഇ) | പദ്ധതി നടത്തിപ്പിൽ തീർത്ഥാടന കേന്ദ്ര ഭാരവാഹികളുടെയും തദ്ദേശ സ്ഥാപനങ്ങളുടെയും സഹകരണം ഉറപ്പാക്കുമോ ? | (ഇ) | ഉറപ്പാക്കും. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട

നിയമസഭാ ചോദ്യം : **344** — 19.03.2008-ൽ മറുപടിക്ക്

## പോലീസ് സേനാംഗങ്ങളുടെ ക്ഷേമം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ<br>ശ്രീ. സി. കെ. പി. പത്മനാഭൻ<br>ശ്രീ. പി. പി. അബ്ദുള്ളക്കുട്ടി<br>ശ്രീ. എം. ചന്ദ്രൻ | ശ്രീ. കോടിയേരി ബാലകൃഷ്ണൻ<br>(ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി) |
| (എ) പോലീസ് സേനാംഗങ്ങളുടെ ക്ഷേമത്തിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ ; | (എ) പോലീസ് സേനാംഗങ്ങളുടെ കൂട്ടായ്മയിലൂടെ അവരുടെ കുടുംബപരമായ ആവശ്യങ്ങളും മാനസികോല്ലാസവും മുൻനിർത്തി വിവിധ യൂണിറ്റുകളിൽ വെൽഫെയർ ഫണ്ടുകൾ, പോലീസ് സേനാംഗങ്ങൾ അസുഖം മൂലമോ അപകടം മുതലായവ മൂലമോ ദുരിതമനുഭവിക്കേണ്ടിവരികയാണെങ്കിൽ അത്തരക്കാരെ സഹായിക്കുന്നതിന് കെ.പി.ഡബ്ല്യു & എ ഫണ്ട്, കൃത്യനിർവ്വഹണത്തിൽ ഏർപ്പെട്ടിരുന്ന പോലീസുകാരൻ ജോലിക്കിടയിൽ ആക്രമണത്തിന് വിധേയനായി മരണപ്പെടുകയാണെങ്കിൽ അയാളുടെ അവകാശികൾക്ക് ഒന്നര ലക്ഷം രൂപയും, ഡ്യൂട്ടിക്കിടയിൽ സാധാരണമരണം സംഭവിക്കുന്ന ആളിന്റെ അവകാശികൾക്ക് 50,000/- രൂപയും, പരിക്കു പറ്റുന്നവർക്ക് പരിക്കിന്റെ സ്വഭാവമനുസരിച്ചും എക്സ് ഗ്രേഷ്യ പേയ്മെന്റും, കെ.പി.ഡബ്ല്യു & എ ഫണ്ടിൽ നിന്നും നൽകിവരുന്നു. ആരോഗ്യ |

Contd.........2/-

വകുപ്പിലെ ഡോക്ടർമാരുടെയും മറ്റും സേവനം പ്രയോജനപ്പെടുത്തിക്കൊണ്ട് ചില ജില്ലകളിലും ചില ബറ്റാലിയനുകളിലും ആശുപത്രികളും ഡിസ്പെൻസറികളും പ്രവർത്തിച്ചു വരുന്നു. കൂടാതെ ഡ്യൂട്ടിക്കിടയിൽ അപകടം പറ്റുന്ന പോലീസുകാർക്ക് സ്വകാര്യ ആശുപത്രികളിലെ ചികിത്സയ്ക്ക് റീ-ഇംബേഴ്സ്മെന്റ് സൗകര്യം, പോലീസ് ക്യാമ്പുകളിലെ സുഗമമായ ജീവിതത്തിനും വിശ്രമ സമയത്തെ വിനോദത്തിനുമായി ടെലിവിഷൻ, എൽ.പി.ജി.ഔട്ട്ലെറ്റുകൾ തുടങ്ങിയ സൗകര്യങ്ങൾ, ന്യായവിലയ്ക്ക് ഗാർഹികാവശ്യത്തിനുള്ള സാധനങ്ങൾ പോലീസുകാർക്ക് ലഭ്യമാക്കുന്നതിനായി കൺസ്യൂമർ സ്റ്റോറുകൾ, പോലീസ് അസോസിയേഷനുകൾക്ക് വ്യവസ്ഥാപിത രീതിയിൽ പ്രവർത്തനം നടത്തുവാനുള്ള അനുമതി, സമയാസമയങ്ങളിൽ സ്റ്റാഫ് കൗൺസിൽ മീറ്റിംഗുകൾ കൂടി പോലീസുകാരുടെ പരാതികളും മറ്റും പരിഹരിക്കുന്നതിനുള്ള സ്റ്റാഫ് കൗൺസിലുകൾ, എന്നീ നടപടികളും സ്വീകരിച്ചു വരുന്നു. കൂടാതെ എം.എസ്.പി.യിൽ ഒരു മലയാളം മീഡിയം സ്കൂൾ, ഇംഗ്ലീഷ് മീഡിയം സ്കൂൾ, തിരുവനന്തപുരം എസ്.എ.പി. ക്യാമ്പിൽ **2006-07** അധ്യയന വർഷം മുതൽ ഒരു കേന്ദ്രീയ വിദ്യാലയം എന്നിവയും ആരംഭിച്ചിട്ടുണ്ട്. കൂടാതെ തൃശ്ശൂരിൽ കേരളാ പോലീസ് അക്കാഡമിയിൽ ഒരു കേന്ദ്രീയ വിദ്യാലയം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

(Ctnd.........3/-)

| | |
|---|---|
| (ബി) പോലീസ് കോൺസ്റ്റബിൾമാർക്ക് പ്രൊമോഷൻ സാദ്ധ്യതകൾ വർദ്ധിപ്പിക്കുന്നതിന് കൈക്കൊണ്ടിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ ; | : (ബി) 22.08.2006 -ലെ ജി.ഒ.(എം.എസ്.):142/06/ആഭ്യന്തരം പ്രകാരം 15 വർഷം പൂർത്തിയാക്കിയ ലോക്കൽ പി.സി.മാർക്ക് ഹെഡ് കോൺസ്റ്റബിൾ ഗ്രേഡും, 23 വർഷം സർവ്വീസ് പൂർത്തിയാക്കിയവർക്ക് എ.എസ്.ഐ. ഗ്രേഡും നൽകിവരുന്നു. |
| (സി) പോലീസ് സേനയിൽ ഉയർന്ന തസ്തികകളിൽ വനിതകളുടെ പ്രാതിനിധ്യം വർദ്ധിപ്പിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ എസ്.ഐ. തസ്തികയിൽ എത്ര പേരെ പുതുതായി നിയമിക്കാൻ ഉദ്ദേശിക്കുന്നുവെന്ന് അറിയിക്കുമോ ? | : (സി) ഉദ്ദേശിക്കുന്നുണ്ട്. ഇത് സംബന്ധിച്ച നടപടികൾ പൂർത്തിയായാൽ മാത്രമേ എത്രപേരെ നിയമിക്കാൻ കഴിയുമെന്ന് പറയുവാൻ കഴിയുകയുള്ളൂ. |

സെക്ഷൻ ഓഫീസർ

**<u>പന്ത്രണ്ടാം കേരള നിയമസഭ</u>**

**<u>ഏഴാം സമ്മേളനം</u>**

<u>നക്ഷത്രചിഹ്നമിട്ട ചോദ്യം നം.345</u> <u>19-03-2008 ന് മറുപടിക്ക്</u>

## <u>വന ഭൂമി അളന്നു തിട്ടപ്പെടുത്തുന്നതിനുള്ള നടപടി</u>

| <u>ചോദ്യം</u> | <u>ഉത്തരം</u> |
| --- | --- |
| പ്രൊഫ. എൻ. ജയരാജ്<br>ശ്രീ. തോമസ് ഉണ്ണിയാടൻ: | ശ്രീ.ബിനോയ് വിശ്വം<br>(വനവും ഭവന നിർമ്മാണവും<br>വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ വനഭൂമി ഏറ്റവും ഒടുവിൽ അളന്ന് തിട്ടപ്പെടുത്തിയത് ഏതു വർഷമാണ്; | (എ) സംസ്ഥാനത്തെ വനഭൂമി മുഴുവനും ഒരുമിച്ച് സമീപ കാലത്ത് അളന്നിട്ടില്ല. ഓരോ റിസർവ് വനത്തിന്റെയും വിസ്തീർണ്ണം വിജ്ഞാപനം ചെയ്യപ്പെട്ട കാലത്ത് തന്നെ തിട്ടപ്പെടുത്തിയിട്ടുണ്ട്. പിന്നീട് സംസ്ഥാനത്തിലുള്ള നിക്ഷിപ്ത വനങ്ങൾ 1976-80 കാലഘട്ടത്തിൽ ഏതാണ്ട് പൂർണ്ണമായും അളന്ന് തിട്ടപ്പെടുത്തിയിട്ടുണ്ട്. |
| (ബി) വനഭൂമി അളന്നു തിട്ടപ്പെടുത്തുന്നതിനുള്ള നടപടി ഇപ്പോൾ നടക്കുന്നുണ്ടോ; | (ബി) അതിർത്തി തർക്കമുള്ള സ്ഥലങ്ങൾ, പ്രത്യേക ആവശ്യങ്ങൾക്കായി വനഭൂമി വിട്ടുകൊടുക്കുന്ന സ്ഥലങ്ങൾ, വനത്തോട്ടങ്ങൾ മുതലായവ അളന്ന് തിട്ടപ്പെടുത്തൽ ഇപ്പോൾ നടന്നു വരുന്നു.<br>കൂടാതെ സംസ്ഥാനത്തിന്റെ വനാവൃതി (വനത്തിനകത്തും പുറത്തുമുള്ളവ) കേന്ദ്ര ഗവൺമെന്റ് സ്ഥാപനമായ ഫോറസ്റ്റ് സർവ്വേ ഓഫ് ഇന്ത്യാ ആധുനിക സാങ്കേതിക വിദ്യയും, സാറ്റലൈറ്റ് ഇമേജറി ഡാറ്റാ ഉപയോഗിച്ചും ഏറ്റവും ഒടുവിൽ തിട്ടപ്പെടുത്തിയത് 2005 -ലാണ്. ഈ റിപ്പോർട്ട് പ്രസിദ്ധീകരിച്ചത് ജനുവരി 2008 -ലാണ്. |
| (സി) ഇല്ലെങ്കിൽ ഈ നടപടി എന്ന് പൂർത്തിയാകുമെന്ന് വ്യക്തമാക്കുമോ? | (സി) വനം വകുപ്പിൽ ഒരു അസിസ്റ്റന്റ് ഡയറക്ടർ ഓഫ് സർവ്വേയും, 42 സർവ്വേയർമാരും അടങ്ങുന്ന ഒരു സംഘം മാത്രമാണ് വനഭൂമി അളന്നു തിട്ടപ്പെടുത്തുന്നതിനുള്ള ജോലി ഇപ്പോൾ നിർവ്വഹിച്ചു വരുന്നത്. സർവ്വേ ഉദ്യോഗസ്ഥരുടെ പരിമിതി കാരണം ഇപ്പോൾ തർക്കമുള്ള വനഭൂമിയുടെ അതിർത്തി നിർണ്ണയിക്കൽ, പ്രത്യേക ആവശ്യങ്ങൾക്കായി വനഭൂമി വിട്ടുകൊടുക്കുന്ന സ്ഥലങ്ങൾ അളന്ന് തിട്ടപ്പെടുത്തൽ, വനത്തോട്ടങ്ങൾ അളന്ന് തിട്ടപ്പെടുത്തൽ, മുതലായ ദൈനംദിന ആവശ്യങ്ങൾക്ക് മുൻഗണന നൽകി നടത്തി വരികയാണ്. ഫോറസ്റ്റ് സർവ്വേ ഓഫ് ഇന്ത്യ നടത്തുന്ന വനവിസ്തൃതി നിർണ്ണയം രണ്ടു വർഷത്തിലൊരിക്കൽ ചെയ്തു വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ

<u>പന്ത്രണ്ടാം കേരള നിയമസഭ</u>

<u>ഏഴാം സമ്മേളനം</u>

<u>നക്ഷത്രചിഹ്നമിട്ട ചോദ്യം നം.346</u> <u>19-03-2008 ന് മറുപടിക്ക്</u>

## <u>കഞ്ചാവ് കൃഷി</u>

| <u>ചോദ്യം</u> | <u>ഉത്തരം</u> |
|---|---|
| ശ്രീ. എസ്. രാജേന്ദ്രൻ:<br>" കെ.കെ. ജയചന്ദ്രൻ:<br>ശ്രീമതി. കെ. എസ്. സലീഖ:<br>ശ്രീ. കെ. സി. കുഞ്ഞിരാമൻ:<br>" വി. ചെന്താമരാക്ഷൻ: | ശ്രീ.ബിനോയ് വിശ്വം<br>(വനവും ഭവന നിർമ്മാണവും<br>വകുപ്പ് മന്ത്രി) |
| (എ) കഞ്ചാവ് കൃഷി തടയുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ്; | (എ) കഞ്ചാവ് കൃഷി തടയുന്നതിനായി വന മേഖലകളിൽ നിരന്തരമായി പട്രോളിംഗ്. ചെക്ക്പോസ്റ്റുകളിലെ കർശന പരിശോധനകൾ, കഞ്ചാവ് കൃഷി സംബന്ധിച്ച രഹസ്യ വിവരങ്ങൾ ശേഖരിച്ച് അവ നശിപ്പിക്കുന്നതിന് റെയിഡുകൾ നടത്തൽ, വനം-പോലീസ്, എക്സൈസ് വകുപ്പുദ്യോഗസ്ഥൻമാരുടെ സംയുക്ത പരിശോധനകൾ , വനം വകുപ്പുദ്യോഗസ്ഥർ, ഇക്കോ ഡവലപ്പ്മെൻറ് കമ്മിറ്റി അംഗങ്ങൾ വന സംരക്ഷണ സമിതി അംഗങ്ങൾ തുടങ്ങിയവർ അംഗങ്ങളായ ആൻറി ഗഞ്ചാ സ്ക്വാഡുകളുടെ രൂപീകരണം തുടങ്ങിയ നടപടികളാണ് സ്വീകരിച്ചു വരുന്നത്.<br>കൂടാതെ കഞ്ചാവ് കൃഷി ഫലപ്രദമായി തടയുന്നതിന് വൈൽഡ്ലൈഫ്, പ്രൊട്ടക്ഷൻ, വിജിലൻസ് വിഭാഗം ചീഫ് ഫോറസ്റ്റ് കൺസർവേറ്റർമാർ അംഗങ്ങളായി സബ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. ടി കമ്മിറ്റി കഞ്ചാവ് കൃഷി തടയുന്നതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ അവലോകനം ചെയ്തു വരുന്നു. |
| (ബി) ഇടുക്കി, പാലക്കാട്, തൃശ്ശൂർ, ജില്ലകളിലെ വനപ്രദേശങ്ങളിലെ കഞ്ചാവ് തോട്ടങ്ങൾ നശിപ്പിക്കുന്നതിനായി സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്; | (ബി) ഈ ജില്ലകളിൽ കഞ്ചാവ് കൃഷി ഉണ്ടാകാൻ സാദ്ധ്യതയുള്ള വന മേഖലകളിൽ, വന സംരക്ഷണ ജീവനക്കാർ നിരന്തരമായി പരിശോധന നടത്തിയും, വ്യക്തികളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും രഹസ്യ വിവരങ്ങൾ ശേഖരിച്ച് റെയിഡുകൾ നടത്തി കഞ്ചാവ് കൃഷി നശിപ്പിച്ചും ആവശ്യമായ നിയമ നടപടികൾ സ്വീകരിച്ചും കഞ്ചാവ് കൃഷി ഫലപ്രദമായി തടയുന്നുണ്ട്. ടി ജില്ലകളിലെ കഞ്ചാവ് കൃഷി തടയുന്നതിന് 2006 ജൂൺ മുതൽ 2008 ഫെബ്രുവരി വരെയുള്ള കാലയളവിൽ സ്വീകരിച്ച റെയിഡുകൾ. നശിപ്പിച്ച ചെടികളുടെ എണ്ണം, അറസ്റ്റ് |

ചെയ്ത പ്രതികളുടെ എണ്ണം എന്നിവ ചുവടെ ചേർക്കുന്നു.

| | തൃശ്ശൂർ | പാലക്കാട് | ഇടുക്കി | ആകെ |
|---|---|---|---|---|
| നടത്തിയ റെയിഡുകളുടെ എണ്ണം | 571 | 366 | 142 | 1079 |
| നശിപ്പിച്ച ചെടികളുടെ എണ്ണം | ഇല്ല | 72562 | 857663 | 930225 |
| എടുത്ത കേസുകളുടെ എണ്ണം | ഇല്ല | 77 | 19 | 96 |
| അറസ്റ്റ് ചെയ്ത പ്രതികളുടെ എണ്ണം | ഇല്ല | 9 | 24 | 33 |

(സി) കഞ്ചാവ് കൃഷിവേട്ടയ്ക്കായി വനത്തിന്റെ ഉൾപ്രദേശങ്ങളിൽ റെയിഡ് നടത്തുന്നതിന് പ്രത്യേക ടീമുകളെ നിയോഗിക്കുമോ;

(സി) നിയോഗിച്ചിട്ടുണ്ട്. കഞ്ചാവ് കൃഷി കൂടുതലായി കണ്ട് വരുന്ന വനമേഖലകളിൽ ഘട്ടം ഘട്ടമായി വന സംരക്ഷണ ജീവനക്കാർ ഉൾപ്പെട്ട പ്രത്യേക ടീമുകൾ പരിശോധന നടത്തി കഞ്ചാവ് കൃഷി നശിപ്പിക്കുകയും, നിലവിലുള്ള നിയമ പ്രകാരം പ്രതികൾക്കെതിരെ നടപടികൾ സ്വീകരിക്കുകയും ചെയ്തു വരുന്നുണ്ട്. മണ്ണാർക്കാട് വന മേഖലകളിൽ ഡിവിഷൻ തലത്തിലുള്ള വന സംരക്ഷണ ജീവനക്കാർ ഉൾക്കൊള്ളുന്ന പ്രത്യേക സംഘം മാസത്തിൽ ഒരിക്കലും, സർക്കിൾ തലത്തിലുള്ള വന സംരക്ഷണ ജീവനക്കാർ ഉൾപ്പെടുന്ന പ്രത്യേക സംഘം രണ്ടു മാസത്തിൽ ഒരിക്കലും, കഞ്ചാവ് കൃഷി കൂടുതൽ ഉള്ള സ്ഥലങ്ങളിൽ പരിശോധന നടത്തി കൃഷി നശിപ്പിച്ച് വരുന്നു. ആവശ്യമുള്ള അവസരങ്ങളിൽ റെയിഡുകൾ നടത്തുന്നതിനായി പോലീസ്, എക്സൈസ് ജീവനക്കാരുടെ സേവനവും ഉപയോഗിക്കാറുണ്ട്.

(ഡി) ഈ സർക്കാർ അധികാരമേറ്റ ശേഷം ഇതുവരെ എത്ര കേസുകൾ രജിസ്റ്റർ ചെയ്തു എന്ന് അറിയിക്കുമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം കഞ്ചാവ് കൃഷിയുമായി ബന്ധപ്പെട്ട് 99 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

സെക്ഷൻ ഓഫീസർ

# പന്ത്രണ്ടാം കേരള നിയമസഭ
# 7-ാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. 347 — 19--03--2008-ൽ മറുപടിക്ക്

## റോഡപകടങ്ങളിൽപ്പെടുന്നവരെ സഹായിക്കുന്നവർക്കുണ്ടാകുന്ന നിയമക്കുരുക്കുകൾ

ചോദ്യം

ശ്രീ. യു. സി. രാമൻ
ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി

മറുപടി

ശ്രീ.കോടിയേരി ബാലകൃഷ്ണൻ
(ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി)

(എ) റോഡപകടങ്ങളിൽ മാരകമായി പരിക്കേറ്റ് റോഡിൽ കിടക്കുന്നവരെ യഥാസമയം ആശുപത്രിയിലെത്തിക്കുന്നതിന് സഹായിക്കുന്നവർക്ക് നേരിടേണ്ടിവരുന്ന നിയമക്കുരുക്കുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ജീവരക്ഷയ്ക്ക് സഹായികളായി വരുന്നവർക്കുണ്ടാകുന്ന നിയമക്കുരുക്കുകൾ ലഘൂകരിക്കുവാൻ നടപടി സ്വീകരിക്കുമോ ?

(എ) യും (ബി) യും

റോഡപകടങ്ങളിൽപ്പെടുന്നവരെ ആശുപത്രിയിൽ എത്തിയ്ക്കുന്നതിനും മറ്റും സഹായിക്കുന്നവരെ കേസ്സിന്റെ അന്വേഷണ വേളയിൽ അത്യന്താപേക്ഷിതമാണെങ്കിൽ മാത്രമേ സാക്ഷികളാക്കുന്നുള്ളൂ. അവർക്ക് ബുദ്ധിമുട്ടുണ്ടാകാതെ സൂക്ഷിക്കുന്നതിന് പോലീസുദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ
## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. *348 — 19.03.08 ൽ മറുപടിയ്ക്ക്.

### ടൂറിസം ഇൻഫർമേഷൻ ആഫീസുകൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.പി.കൃഷ്ണപ്രസാദ്<br>ശ്രീ.എം.ചന്ദ്രൻ<br>ശ്രീ.കെ.വി.കുഞ്ഞിരാമൻ<br>ശ്രീ.കെ.വി.അബ്ദുൾഖാദർ<br>ശ്രീ.ബി.ഡി.ദേവസ്സി | | ശ്രീ. കോടിയേരി ബാലകൃഷ്ണൻ,<br>(ആഭ്യന്തരവും വിനോദ സഞ്ചാരവും വകുപ്പു മന്ത്രി) | |
| (എ). | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം രാജ്യത്തെ പ്രമുഖ ഡെസ്റ്റിനേഷനുകൾ കേന്ദ്രീകരിച്ച് കേരള ടൂറിസം ഇൻഫർമേഷൻ ആഫീസുകൾ തുറക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചു; | (എ) & (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കൊൽക്കൊത്ത, മൈസൂർ എന്നിവിടങ്ങളിൽ പുതുതായി ടൂറിസ്റ്റ് ഇൻഫർമേഷൻ സെൻററുകൾ അനുവദിച്ചിട്ടുണ്ട്. ഇതിൽ കൊൽക്കൊത്തയിലെ ടൂറിസ്റ്റ് ഇൻഫർമേഷൻ സെൻറർ പ്രവർത്തനം ആരംഭിച്ചുകഴിഞ്ഞു. മൈസൂറിലെ ഇൻഫർമേഷൻ സെൻറർ പ്രവർത്തിപ്പിക്കുന്നതിന് അനുയോജ്യമായ സ്ഥലം കണ്ടെത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. ഇതും ഉടൻതന്നെ പ്രവർത്തനം ആരംഭിക്കുന്നതാണ്. |
| (ബി) | എവിടെയെല്ലാമാണ് പുതിയ ഇൻഫർമേഷൻ സെൻററുകൾ ആരംഭിച്ചത്; | | |
| (സി) | ഇൻഫർമേഷൻ സെൻററുകളിൽ നിന്നും എന്തെല്ലാം സേവനങ്ങളാണ് ലഭിക്കുന്നത്; | (സി) | സംസ്ഥാനത്തിന് പുറത്തുള്ള ടൂറിസ്റ്റ് ഇൻഫർമേഷൻ സെൻററുകൾ പ്രധാനമായും കേരളത്തിലേയ്ക്ക് വരുന്ന വിനോദ സഞ്ചാരികൾക്ക് ആവശ്യമായ വിവരങ്ങൾ ലഭ്യമാക്കുകയാണ് ചെയ്യുന്നത്. ഇൻഫർമേഷൻ ഓഫീസുകൾ സ്ഥിതിചെയ്യുന്ന സ്ഥലങ്ങൾ എല്ലാംതന്നെ കേരളത്തിലേയ്ക്ക് വളരെയേറെ വിനോദ സഞ്ചാരികളെ ആകർഷിക്കുന്നവയാണ്. അതിനാൽ ഒട്ടേറെ വിനോദ സഞ്ചാരികൾ ഈ ഓഫീസുകൾ സന്ദർശിക്കാറുണ്ട്. ഇതു കൂടാതെ ടൂറിസം വകുപ്പ് പങ്കെടുക്കുകയോ സംഘടിപ്പിക്കുകയോ ചെയ്യുന്ന റോഡ് ഷോകൾ, |

ടൂറിസം ഫെയറുകൾ, മറ്റാഘോഷങ്ങൾ എന്നിവയുടെ നോഡൽ ഓഫീസായി ടി ഇൻഫർമേഷൻ ഓഫീസുകളാണ് പ്രവർത്തിക്കാറുള്ളത്. അതത് സ്ഥലങ്ങളിലെ പ്രധാനപ്പെട്ട ടൂർ ഓപ്പറേറ്റർമാരുമായി നിരന്തര സമ്പർക്കം പുലർത്തുകയും അതുവഴി വിനോദ സഞ്ചാരികളെ കേരളത്തിലേയ്ക്ക് കൊണ്ടുവരുന്നതിനുമുള്ള പ്രവർത്തനങ്ങൾ വകുപ്പിന്റെ ഇൻഫർമേഷൻ ഓഫീസുകൾ സ്വീകരിക്കുന്നുണ്ട്. കൂടാതെ വകുപ്പ് പ്രസിദ്ധീകരിക്കുന്ന ബ്രോഷറുകൾ, സി.ഡി.കൾ തുടങ്ങിയവയും ഈ ഓഫീസുകൾ വഴി ടൂറിസ്റ്റുകൾക്ക് വിതരണം ചെയ്തുവരുന്നു.

(ഡി) എല്ലാ സംസ്ഥാനങ്ങളിലും കേരളത്തിന്റെ ഇൻഫർമേഷൻ സെന്ററുകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

(ഡി) ഒരു സംസ്ഥാനത്തു നിന്നും കേരളത്തിലേക്ക് വരുന്ന ടൂറിസ്റ്റുകളുടെ എണ്ണം, ഇതിൽ നിന്നും നമ്മുടെ സംസ്ഥാനത്തിന് ലഭിക്കുന്ന വരുമാനം, വിദേശ വിനോദ സഞ്ചാരികളുടെ സാന്നിധ്യം എന്നിങ്ങനെയുള്ള ഘടകങ്ങൾ പരിഗണിച്ച് മാത്രമേ ടൂറിസ്റ്റ് ഇൻഫർമേഷൻ സെന്ററുകൾ തുറക്കുന്ന കാര്യം തീരുമാനിക്കാൻ കഴിയൂ.

സെക്ഷൻ ഓഫീസർ.

## പന്ത്രണ്ടാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യം 19.03.2008 - ൽ

നമ്പർ: 349 മറുപടിക്ക്

### കയർ ഉല്പന്ന നിർമ്മാണ മേഖലയുടെ ആധുനികവത്കരണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ആനത്തലവട്ടം ആനന്ദൻ<br>ശ്രീ. സി.കെ. സദാശിവൻ<br>ശ്രീ. എ.എം. ആരിഫ്<br>ശ്രീ. എ. എം. യൂസഫ്<br>ശ്രീ. എം. കെ. പുരുഷോത്തമൻ | ശ്രീ. ജി. സുധാകരൻ<br>(സഹകരണവും കയറും ദേവസ്വവും വകുപ്പു മന്ത്രി ) |
| (എ) കയർ ഉല്പന്ന നിർമ്മാണ മേഖലയുടെ ആധുനികവത്കരണത്തിന് ഇൻഡസ്ട്രിയൽ ഇൻഫ്രാസ്ട്രക്ചർ അപ്ഗ്രഡേഷൻ സ്കീമിൽ കേന്ദ്ര സർക്കാർ എത്ര കോടി രൂപ അനുവദിച്ചു; | (എ) ആകെ അടങ്കൽ തുകയായ 56.80 കോടി രൂപയിൽ 42.60 കോടി രൂപയാണ് കേന്ദ്ര സർക്കാർ 75% ഗ്രാന്റായി അനുവദിച്ചിട്ടുള്ളത്. ഇതിൽ ആദ്യ ഗഡുവായി 14.2 കോടി രൂപ കേന്ദ്രസർക്കാർ നൽകിയിട്ടുണ്ട്. |
| (ബി) ഈ തുക വിനിയോഗിക്കുന്നതിന് ആവിഷ്ക്കരിച്ച പദ്ധതിയുടെ വിശദാംശം വെളിപ്പെടുത്തുമോ; | (ബി) പദ്ധതിയുടെ വിശദവിവരം താഴെ കൊടുക്കുന്നു. |

| നം. | പദ്ധതി | വകയിരുത്തിയ രൂപ ലക്ഷത്തിൽ |
|---|---|---|
| 1 | ഹസ്ക് കളക്ഷൻ ബാങ്ക് | 20.00 |
| 2. | ഫൈബർ എക്സ്ട്രാക്ഷൻ യൂണിറ്റ് | 100.00 |

| | | |
|---|---|---|
| 3. | ട്രഡീഷണൽ റാട്ട്/ അപ്ഗ്രഡേഷൻ ഓഫ് ഐ.സി.ഡി.പി യൂണിറ്റ് ആട്ടോമാറ്റിക് സ്പിന്നിംഗ് യൂണിറ്റ് | 2175.00 |
| 4 | കയർ മാറ്റ്സ് & ജിയോ ടെക്സ്റ്റയിൽസ് യൂണിറ്റ് | 33.00 |
| 5. | ന്യൂ പവർലൂം യൂണിറ്റ് & മോഡണൈസേഷൻ ഓഫ് എക്സിസ്റ്റിംഗ് യൂണിറ്റ് | 685.00 |
| 6. | പിത്ത് മാന്വർ/ പിത്ത് ബ്ലോക്ക് യൂണിറ്റ് | 155.00 |
| 7. | കോമൺ ഫെസിലിറ്റി സർവ്വീസ് സെന്ററുകൾ | 2512.00 |
| ആകെ | | 5680.00 |

ലക്ഷം രൂപ

| | |
|---|---|
| (സി) ആധുനിക ഉപകരണങ്ങൾ വിതരണം ചെയ്യുന്നതിനും അതിൽ പരിശീലനം നൽകുന്നതിനും നടപടി സ്വീകരിക്കുമോ; | (സി) സ്വീകരിച്ചു വരുന്നു. |
| (ഡി) കരവിരുത് ആവശ്യമുള്ള പരമ്പരാഗത ഉല്പന്നങ്ങളുടെ നിർമ്മാണത്തിന് പരിശീലനം നൽകുന്നതിനു കൂടി നടപടി സ്വീകരിക്കുമോ? | (ഡി) ഇതിനുള്ള പരിശീലന പരിപാടി NCRMI-യുടെയും കയർ കോർപ്പറേഷന്റെയും സംയുക്താഭിമുഖ്യത്തിൽ ആരംഭിച്ചു കഴിഞ്ഞു. അത് പരമാവധി വ്യാപിപ്പിക്കുന്ന കാര്യം ചർച്ച ചെയ്ത് തീരുമാനിക്കുന്നത് നന്നായിരിക്കും. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരളനിയമസഭ

ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട

ചോദ്യം നമ്പർ 350

19.3.08- ൽ മറുപടിയ്ക്ക്

## ഭവന വായ്പാ പദ്ധതി

ചോദ്യം

ശ്രീ.വി.ശശികുമാർ :

ശ്രീ.വി.എൻ.വാസവൻ:

ശ്രീ.വി.ജെ.തങ്കപ്പൻ :

ശ്രീ.സാജു പോൾ:

പ്രൊഫ.സി.രവീന്ദ്രനാഥ്

ഉത്തരം

ശ്രീ.ബിനോയ് വിശ്വം

(വനവും ഭവന നിർമ്മാണവും

വകുപ്പു മന്ത്രി)

എ) രാജീവ് ദശലക്ഷം പാർപ്പിട പദ്ധതി, കൈരളി, മൈത്രി എന്നീ പദ്ധതികൾ പ്രകാരം വായ്പയെടുത്തവർക്ക് എന്തെല്ലാം ആനുകൂല്യമാണ് നൽകുന്നത് ;

എ) രാജീവ് ദശലക്ഷം പാർപ്പിട പദ്ധതി, കൈരളി, മൈത്രി എന്നീ പദ്ധതികൾ ഉൾപ്പെടെ ഭവന നിർമ്മാണ ബോർഡിൽ നിന്നും വായ്പ എടുത്ത ദുർബല/താഴ്ന്ന വരുമാന വിഭാഗക്കാരായ ഗുണഭോക്താക്കളുടെ വായ്പാ കുടിശ്ശിക മാനദണ്ഡങ്ങൾക്കു വിധേയമായി എഴുതിത്തള്ളുന്നതിന്/ആനുകൂല്യം നൽകുന്നതിന് 22.5.07 ലെ (എം.എസ്) 18/07/ഭവനം നമ്പർ സർക്കാർ ഉത്തരവു പ്രകാരം തീരുമാനിച്ചിട്ടുണ്ട്. രാജീവ് ദശലക്ഷം പാർപ്പിട പദ്ധതി (ഒന്നും രണ്ടും ഘട്ടങ്ങൾ) മൈത്രീ പദ്ധതി, കൈരളി പദ്ധതി എന്നിവയുടെ ഗുണഭോക്താക്കളിൽ നാളിതു ബി.പി.എൽ വിഭാഗത്തിൽപ്പെടുന്ന 35,000 രൂപ വരെ വായ്പ എടുത്ത കുടിശ്ശിക വരുത്തിയ ഗുണഭോക്താക്കൾക്ക് മുതൽ തുകയും പലിശയുടെ 50% തുകയും അടച്ച് തിരിച്ചടവ് പൂർത്തിയാക്കാവുന്നതാണ്. 35,000 രൂപവരെ വായ്പ എടുത്തിട്ടുള്ള ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള ഗുണഭോക്താവ് മരിച്ചുപോയ കേസുകൾ, ക്യാൻസർ പോലെ ഗുരുതരമായ രോഗം ബാധിച്ച് ചികിത്സ നടത്തുന്ന കുടുംബാംഗങ്ങൾ ഉള്ള ഗുണഭോക്താക്കൾ മേൽപ്പറഞ്ഞ രോഗം ബാധിച്ച് ചികിത്സ

| | |
|---|---|
| | നടത്തുന്ന ഗുണഭോക്താക്കൾ, വികലാംഗർ (50% നു മുകളിൽ) അപകടത്തിൽ മാരകമായി പരിക്കുപറ്റി 50% അംഗവൈകല്യം സംഭവിച്ചവർ എന്നിവരുടെ കുടിശ്ശിക മുതൽ തുക മാത്രം വാങ്ങി തിരിച്ചടവ് പൂർത്തിയാക്കാനും തീരെ അഗതികളായവർക്ക് മുതൽ തുക മൂന്നു മാസ ഗഡുക്കളായി തിരിച്ചടക്കാനും വ്യവസ്ഥയുണ്ട്. കൂടാതെ ഭവന നിർമ്മാണ ബോർഡ് നടപ്പാക്കുന്ന പദ്ധതികളുടെ ഗുണഭോക്താക്കൾക്ക് 31.3.2008 വരെ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പ്രകാരമുള്ള ആനുകൂല്യവും നൽകുന്നുണ്ട്. |
| ബി) ഏതെല്ലാം ഭവന നിർമ്മാണ പദ്ധതികളുടെ വായ്പകളാണ് എഴുതിത്തള്ളിയത്; ഓരോ പദ്ധതിയിലും എത്ര കോടി രൂപയുടെ വായ്പയാണ് എഴുതിത്തള്ളിയതെന്ന് വെളിപ്പെടുത്തുമോ ? | 22.5.07 ലെ സർക്കാർ ഉത്തരവ് പ്രകാരം ബോർഡിന്റെ ആദ്യകാല വായ്പാ പദ്ധതിയായ ഇ.ഡബ്ല്യൂ.എസ് (അർബൻ) (1977) ലെ അവശേഷിക്കുന്ന മുഴുവൻ ഗുണഭോക്താക്കളുടെയും വായ്പാ തുക എഴുതിത്തള്ളാൻ തീരുമാനിച്ചിട്ടുണ്ട്. കൂടാതെ കുടികിടപ്പ് (1981), ഹഡ്കോ 1980, സന്നദ്ധ സംഘടനവഴിയുള്ള പദ്ധതി, ബോർഡ് നടപ്പിലാക്കിയ പ്രളയ ദുരിതാശ്വാസ പദ്ധതി, പുനരധിവാസം മൂന്നും നാലും ഘട്ടങ്ങൾ എന്നീ പദ്ധതികളിലെ വായ്പക്കാരുടെ തിരിച്ചടവ് ശേഷി പരിശോധിച്ച് വരുമാനത്തിന്റെ അടിസ്ഥാനത്തിൽ തിരിച്ചടക്കാൻ കഴിയാത്തവരെ സംബന്ധിച്ച് ജില്ലാ കളക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ആനുകൂല്യം നൽകാനാണ് തീരുമാനിച്ചിട്ടുള്ളത്. കൂടാതെ രാജീവ് ദശലക്ഷം പാർപ്പിട പദ്ധതി ഒന്നും രണ്ടും ഘട്ടങ്ങൾ (1992) (1995), മൈത്രി പദ്ധതി (1996), കൈരളി പദ്ധതി (1997) എൽ.ഐ.ജി. ഭവന നിർമ്മാണ പദ്ധതി എന്നിവയുടെ അർഹരായ ഗുണഭോക്താക്കൾക്കും മാനദണ്ഡങ്ങൾക്കു വിധേയമായി ആനുകൂല്യം നൽകാൻ തീരുമാനിച്ചിട്ടുണ്ട്. മേൽപ്പറഞ്ഞ പ്രകാരം ആകെ 29.75 കോടി രൂപയുടെ ആനുകൂല്യം നൽകാനാണ് തീരുമാനിച്ചിരിക്കുന്നത്. |

സെക്ഷൻ ഓഫീസർ

# പന്ത്രണ്ടാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 351      19.03.2008 -ന് മറുപടിയ്ക്ക്

## സഞ്ജീവനി വനം പദ്ധതി

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. എം.ജെ. ജേക്കബ്<br>ശ്രീ. കെ. കുഞ്ഞിരാമൻ<br>ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ<br>ശ്രീമതി. ജെ. അരുന്ധതി | | ശ്രീ. ബിനോയ് വിശ്വം<br>(വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി) |
| (എ) ദേശീയ ഔഷധസസ്യ ബോർഡിന്റെ സഹായത്തോടെ നടത്തുന്ന സഞ്ജീവനി വനം പദ്ധതിയുടെ വിശദാംശം വെളിപ്പെടുത്തുമോ ; | (എ) | ദേശീയ ഔഷധസസ്യ ബോർഡിന്റെ സഹായത്തോടെ സംരക്ഷണാർത്ഥം ഔഷധ സസ്യങ്ങൾ വച്ചുപിടിപ്പിക്കുന്നത് പ്രോത്സാഹിപ്പിക്കുന്നതിനും, കാര്യക്ഷമമായ അവബോധവും പരിശീലനവും നൽകുന്നതിനുമുള്ള പദ്ധതിയാണ് സഞ്ജീവനി വനം പദ്ധതി. മൂന്ന് വർഷം കാലാവധിയുള്ള ഈ പദ്ധതി സാമൂഹ്യ വനവൽക്കരണ വിഭാഗം നാഷണൽ മെഡിസിനൽ പ്ലാന്റ് ബോർഡ് അംഗീകാരത്തിനായി 2002-ൽ സമർപ്പിച്ചു. 31.03.2003-ലെ F.No.A-11019/1/2002 NMP Board നമ്പർ ഉത്തരവിലൂടെ 25 ലക്ഷം രൂപയുടെ പദ്ധതി അംഗീകരിക്കുകയും ഇതിന് ആദ്യ വർഷമായ (2002-2003-ൽ) 10 ലക്ഷം രൂപ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. പൊതുജനങ്ങളുമടക്കം 2265 ഗുണഭോക്താക്കളെ പങ്കെടുപ്പിച്ചുകൊണ്ട് 62 പരിശീലന പരിപാടികൾ നടത്തിയിട്ടുണ്ട്. ഇതിനായി 7.15 ലക്ഷം രൂപ ചെലവായിട്ടുണ്ട്. ചെലവാകാത്ത തുകയായ 2.85 ലക്ഷം രൂപയും 2003-04, 2004-05 എന്നീ വർഷങ്ങളിൽ അനുമതി ലഭിച്ച തുകയായ 15 ലക്ഷം രൂപയും ഇതുവരെയും ലഭിച്ചിട്ടില്ല. |
| (ബി) പദ്ധതി അനുസരിച്ച് എവിടെയെല്ലാം ഔഷധത്തോട്ടങ്ങൾ വച്ചു പിടിപ്പിച്ചുവെന്ന് അറിയിക്കുമോ ; | (ബി) | ഈ പദ്ധതി അനുസരിച്ച് കാസർഗോഡ് സോഷ്യൽ ഫോറസ്ട്രി ഡിവിഷന്റെ കീഴിലുള്ള കാസർഗോഡ്, ഹോസ്ദുർഗ് എന്നീ റെയിഞ്ചുകളിൽ ഔഷധ ഔഷധത്തോട്ടം നിർമ്മിച്ചിട്ടുണ്ട്. കണ്ണൂർ സോഷ്യൽ ഫോറസ്ട്രി ഡിവിഷനിലെ കണ്ണൂർ റെയിഞ്ചിൽ കണ്ണാടിപ്പറമ്പിലും തലശ്ശേരി റെയിഞ്ചിൽ ഇരിട്ടിയിലുമുള്ള പള്ളാട് എന്ന സ്ഥലത്തും ഔഷധത്തോട്ടങ്ങൾ വച്ചുപിടിപ്പിച്ചിട്ടുണ്ട്.<br><br>കോഴിക്കോട് സോഷ്യൽ ഫോറസ്ട്രി ഡിവിഷനിൽ ദീനബന്ധു ആർട്സ് കോളേജിന്റെ അധീനതയിലുള്ള സ്ഥലത്ത് ഔഷധത്തോട്ടം വച്ചുപിടിപ്പിച്ചിട്ടുണ്ട്. |

വയനാട് സോഷ്യൽ ഫോറസ്ട്രി ഡിവിഷനിൽ കൽപ്പറ്റ സോഷ്യൽ ഫോറസ്ട്രി റെയിഞ്ചിലെ കുപ്പാടി, സുൽത്താൻ ബത്തേരി റെയിഞ്ചിലെ കാട്ടിക്കുന്ന്, മാനന്തവാടി റെയിഞ്ചിലെ തേറ്റമല എന്നിവിടങ്ങളിൽ ഔഷധതോട്ടങ്ങൾ വച്ചുപിടിപ്പിച്ചിട്ടുണ്ട്.

തൃശൂർ സോഷ്യൽ ഫോറസ്ട്രി ഡിവിഷനിൽ കുതിരാൻ, കണ്ണപ്പാംകടവ് എന്നിവിടങ്ങളിലും, എറണാകുളം ജില്ലയിലെ എൻ.എസ്.ഡി. കടവ് ഡിവിഷന്റെ കീഴിൽ കോട്ടയിലും, മലയാറ്റൂരിലും , പാലക്കാട് സോഷ്യൽ ഫോറസ്ട്രി ഡിവിഷന്റെ കീഴിൽ മലമ്പുഴയിലും, ഇടുക്കി സോഷ്യൽ ഫോറസ്ട്രി ഡിവിഷനിൽ കുളമാവിലും, ഞാറക്കാനത്തിലും ഔഷധ സസ്യതോട്ടങ്ങൾ വച്ചുപിടിപ്പിച്ചിട്ടുണ്ട്.

(സി) പ്രസ്തുത ഔഷധ സസ്യങ്ങൾ വിപണനം നടത്തുന്നതിനുള്ള സംവിധാനമെന്താണ്;

(സി) ഈ പദ്ധതി പ്രധാനമായും ഔഷധസസ്യങ്ങൾ നട്ടുവളർത്തുന്നതിനെക്കുറിച്ചും, വിവിധ പരിപാലനരീതികളെക്കുറിച്ചും കർഷകർക്കും പൊതുജനങ്ങൾക്കും ബോധവത്കരണം നടത്തുന്നതിനുമായി ലക്ഷ്യമിട്ടിട്ടുള്ളതാണ്. എന്നിരുന്നാലും കോഴിക്കോട് സോഷ്യൽ ഫോറസ്ട്രി ഡിവിഷന്റെ കീഴിലുള്ള മീഞ്ചന്ത ആർട്സ് കോളേജിന്റെ അധീനതയിലുള്ള സ്ഥലത്തെ ഔഷധതോട്ടത്തിൽ വച്ചുപിടിപ്പിച്ചിട്ടുള്ള ഔഷധസസ്യങ്ങൾ ആവശ്യക്കാർക്ക് തോട്ടത്തിൽ വച്ചുതന്നെ വിൽപന നടത്താറുണ്ട്. എറണാകുളം സോഷ്യൽ ഫോറസ്ട്രി ഡിവിഷന് കീഴിലുള്ള ഔഷധതോട്ടങ്ങളിൽനിന്ന് വിദ്യാർത്ഥികൾക്ക് സൗജന്യമായും, സന്നദ്ധ സംഘടനകൾ, പൊതുജനങ്ങൾ എന്നിവർക്ക് വില ഈടാക്കിയും ഔഷധതൈകൾ വിതരണം ചെയ്തുവരുന്നു.

(ഡി) ആയുർവേദ വകുപ്പുമായി സഹകരിച്ചാണോ പദ്ധതി നടപ്പാക്കുന്നതെന്ന് അറിയിക്കുമോ ?

(ഡി) ആയുർവേദ വകുപ്പ് ഡയറക്ടർകൂടി അംഗമായുള്ള സമിതിയാണ് ഇത്തരം പദ്ധതികൾ നടപ്പാക്കുന്നതിന് അനുമതിക്കായി കേന്ദ്ര സർക്കാരിന് ശുപാർശകൾ സമർപ്പിക്കുന്നത്.

ബിനോയ് വിശ്വം.

## പന്ത്രണ്ടാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യം നമ്പർ : 352 — 19.03.2008 - ൽ മറുപടിക്ക്

### മെച്ചപ്പെട്ട കയർ പിരിയന്ത്രങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി. വിശ്വൻ<br>ശ്രീ. ആനത്തലവട്ടം ആനന്ദൻ<br>ശ്രീ. സി.കെ. സദാശിവൻ<br>ശ്രീ. എ.എം. ആരിഫ്<br>ശ്രീ. വി. ശിവൻകുട്ടി | ശ്രീ. ജി. സുധാകരൻ<br>(സഹകരണവും കയറും ദേവസ്വവും വകുപ്പു മന്ത്രി ) |
| (എ) കൂടുതൽ മെച്ചപ്പെട്ട കയർ പിരിയന്ത്രങ്ങൾ ആവിഷ്ക്കരിക്കുന്നതിനുള്ള നടപടികളുടെ പുരോഗതി വ്യക്തമാക്കുമോ; | (എ) ഇക്കാര്യത്തിൽ നടപടി സ്വീകരിച്ചു വരുന്നു. ഇതിന്റെ ഭാഗമായി സംസ്ഥാനത്തിനകത്തും പുറത്തും വികസിപ്പിച്ചെടുത്ത യന്ത്രങ്ങൾ NCRMI - യുടെ നേതൃത്വത്തിൽ രൂപീകരിച്ച കമ്മിറ്റി വിദഗ്ദ്ധ പരിശോധന നടത്തി വരികയാണ്. |
| (ബി) നിലവിലുള്ള കയർപിരിതൊഴിലാളികൾക്ക് കൂടുതൽ മെച്ചപ്പെട്ട പിരിയന്ത്രങ്ങളും പരിശീലനവും നൽകാൻ എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത്; | (ബി) NCRMI - യുടെ ആഭിമുഖ്യത്തിലും കേരള കയർ തൊഴിലാളി ക്ഷേമനിധി ബോർഡ് മുഖാന്തിരവും കയർപിരി തൊഴിലാളികൾക്ക് മെച്ചപ്പെട്ട റാട്ടുകളിൽ വിവിധതരം കയറുകൾ പിരിക്കുന്നതിന് പരിശീലനം നൽകി വരുന്നുണ്ട്. കൂടാതെ നിലവിലുള്ള കയർ പിരി തൊഴിലാളികൾക്ക് മഹിളാ കയർ യോജനാ പദ്ധതി പ്രകാരവും കൂടുതൽ മെച്ചപ്പെട്ട പിരിയന്ത്രങ്ങൾ നൽകി വരുന്നു. |

| | |
|---|---|
| (സി) സംസ്ഥാനത്ത് ചകിരിയുടെ ലഭ്യത വർദ്ധിപ്പിക്കാൻ എന്തെങ്കിലും പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ? | (സി) ആവിഷ്ക്കരിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി ഉൾനാടൻ പ്രദേശങ്ങളിൽ ഡീഫൈബറിംഗ് മില്ലുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്. താഴെപ്പറയുന്ന സ്ഥാപനങ്ങൾക്ക് ഉൾനാടൻ പ്രദേശങ്ങളിൽ ഡീഫൈബറിംഗ് മില്ലുകൾ സ്ഥാപിക്കാനുള്ള അനുമതി നൽകി വരുന്നു. ഇപ്രകാരം നടപ്പിലാക്കുന്ന പദ്ധതിയുടെ 75% തുക സർക്കാരും ബാക്കി വിഹിതം ഗുണഭോക്താക്കളും വഹിക്കേണ്ടതാണ്.<br>1. നിലവിൽ രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുള്ള സഹകരണ സംഘം<br>2. പുതിയതായി ആരംഭിക്കുന്ന സഹകരണ സംഘം<br>3. കുടുംബശ്രീ സി.ഡി.എസ്.<br>4. പഞ്ചായത്ത് ഡവലപ്മെന്റ് സൊസൈറ്റി<br>5. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ<br>ഈ സ്കീമിൽ നിലവിൽ 7 പ്രോജക്ടുകൾക്ക് അംഗീകാരം നൽകിയിട്ടുണ്ട്. പട്ടിക താഴെ കൊടുക്കുന്നു<br>1. Chalakkudy Block Mechanized Gold Defibering Industrial Co-operative Society No. R. 965, Chalakkudy.<br>2. Kallamoola YCVSS Ltd. No. M.962, Mampattumoola, Malappuram<br>3. Arikkulam CVCS Ltd. No. 69, Koyilandy<br>4. Akkarappadam CVCS Ltd. No.57, Vaikom.<br>5. Palliprethussery CVCS Ltd. No. 82, Vaikom.<br>6. Thannirmukkam North CVCS Ltd. No. 484.<br>7. Nedumprakkad CVCS Ltd. No. A-552.<br><br>സെക്ഷൻ ഓഫീസർ |

# പന്ത്രണ്ടാം കേരള നിയമസഭ

## ഏഴാം സമ്മേളനം

## നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ: 353

## 19.03.2008 - ൽ മറുപടിയ്ക്ക്

## സഹകരണ മേഖലയിലെ നിക്ഷേപം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. മുരളി പെരുനെല്ലി :<br>ശ്രീ. എം. പ്രകാശൻ മാസ്റ്റർ :<br>ശ്രീ. എ.സി. മൊയ്തീൻ :<br>ശ്രീ. പി.ടി.എ. റഹീം :<br>ശ്രീ. പി. ജയരാജൻ : | ശ്രീ.ജി.സുധാകരൻ<br>(സഹകരണവും കയറും ദേവസ്വവും വകുപ്പു മന്ത്രി) |
| (എ) സഹകരണ മേഖലയിലെ നിക്ഷേപം വർദ്ധിപ്പിക്കുന്നതിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം വ്യക്തമാക്കാമോ ; | (എ) കേരള ജനതയുടെ സാമൂഹ്യ ജീവിതത്തെ ഏറെ സ്വാധീനിച്ച സഹകരണ പ്രസ്ഥാനത്തെ സുസജ്ജമാക്കുക എന്ന ലക്ഷ്യത്തോടെ, ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷമാണ് ഒന്നിന പരിപാടിയായ 'സഹകരണ നവരത്നം കേരളീയം' എന്ന കർമ്മ പദ്ധതി പ്രഖ്യാപിച്ചത്. ഈ പദ്ധതിയിൽ നിക്ഷേപ സമാഹരണത്തിന് മുന്തിയ പരിഗണനയാണ് നൽകിയിട്ടുള്ളത് . 'സഹകരണ നിക്ഷേപം കേരളീയം' എന്ന പദ്ധതിയിലൂടെ സഹകരണ മേഖലയിലെ നിക്ഷേപം വർദ്ധിപ്പിക്കുന്നതിനും ആയത് നാടിന്റെ വികസനത്തിന് ഉപയോഗിക്കുവാനും സാധിക്കുന്ന തരത്തിൽ കേരള പിറവിആചരണവുമായി ബന്ധപ്പെട്ട് എല്ലാ വർഷവും നവംബർ മാസം നിക്ഷേപ സമാഹരണ മാസമായി ആചരിക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഇതനുസരിച്ച് കഴിഞ്ഞ രണ്ട് നവംബർ മാസങ്ങളിലായി 'സഹകരണ നിക്ഷേപം കേരളീയം' ത്തിലൂടെ 4167.25 കോടി രൂപയുടെ |

അധിക നിക്ഷേപം സമാഹരിക്കാൻ സാധിച്ചത് അഭിമാനാർഹമായ നേട്ടമാണ്.

'സഹകരണ നിക്ഷേപം കേരളീയം' പദ്ധതിക്കു പുറമേ മുൻകാലങ്ങളിലേതു പോലെ മാർച്ച് 1 മുതൽ 31 വരെയുള്ള പരമ്പരാഗത നിക്ഷേപ സമാഹരണ പരിപാടികളും തുടർന്നുവരുന്നു. ഇതു കൂടാതെ, സഹകരണ സംഘം ജീവനക്കാരും ഭരണ സമിതി അംഗങ്ങളും സഹകരണ സ്ഥാപനങ്ങളിൽ തന്നെ നിക്ഷേപം നടത്തുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

'സഹകരണ നവരത്നം കേരളീയ'ത്തിന്റെ ഭാഗമായി സംസ്ഥാനത്തെ വായ്പാസഹകരണ സ്ഥാപനങ്ങളുടെ വായ്പാ കുടിശ്ശിക പൂർണ്ണമായും കുറയ്ക്കുന്നതിനും തദ്വാര അവയുടെ സാമ്പത്തിക അടിത്തറ ശക്തിപ്പെടുത്തുന്നതിനും 2008 ഫെബ്രുവരി മാസം 1 മുതൽ മാർച്ച് 31 വരെ 'കുടിശ്ശിക നിവാരണം ശതശതമാനം കേരളീയം - നവ്യ നിവാരണം കേരളീയം' എന്ന കർമ്മ പദ്ധതിക്ക് രൂപം നൽകിയിരുന്നു. വരുന്ന വർഷങ്ങളിൽ എല്ലാ ഫെബ്രുവരി മാസവും കുടിശ്ശിക നിവാരണ മാസമായി ആചരിക്കുവാനും തീരുമാനിച്ചിട്ടുണ്ട്.

(ബി) നിക്ഷേപം എത്ര കോടി രൂപയായി വർദ്ധിപ്പിക്കാനുള്ള ശ്രമമാണ് നടക്കുന്നത് ;

(ബി) 2010-11 സാമ്പത്തിക വർഷത്തോടെ സഹകരണ മേഖലയിൽ 50,000 കോടി രൂപയുടെ നിക്ഷേപം സമാഹരിക്കുക എന്ന ലക്ഷ്യത്തോടെയാണ് നിക്ഷേപ പദ്ധതികൾ ആവിഷ്കരിച്ചിട്ടുള്ളത്.

(സി) ഈ സർക്കാർ അധികാരമേറ്റ ശേഷം എത്ര കോടി രൂപയുടെ നിക്ഷേപം വർദ്ധിപ്പിക്കാൻ കഴിഞ്ഞു ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്ന 18.5.2006-ലെ കണക്ക് പ്രകാരം സഹകരണ മേഖലയിലെ മൊത്തം നിക്ഷേപ ബാക്കി നിൽപ് 20287.23 കോടി രൂപയാ

| | | | |
|---|---|---|---|
| | | | യിരുന്നു. സഹകരണ മേഖലയിലെ നിക്ഷേപം വർദ്ധിപ്പിക്കുന്നതിനും ആയത് നാടിന്റെ വികസനത്തിന് പ്രയോജനപ്പെടുത്തുന്നതിനും ലക്ഷ്യമാക്കി, ശുഷ്കാന്തിയോടെയുള്ള കർമ്മ പരിപാടികൾക്ക് രൂപം നൽകിക്കൊണ്ട് ഈ സർക്കാർ അധികാരമേറ്റശേഷം സംസ്ഥാനത്തെ സഹകരണ മേഖലയിൽ 36213.92 കോടി രൂപയുടെ നിക്ഷേപം ഉണ്ടാക്കാൻ സാധിച്ചു. അതായത്, ഈ സർക്കാർ അധികാരമേറ്റശേഷമുള്ള 21 മാസക്കാലംകൊണ്ട് 15926.69 കോടി രൂപ അധിക നിക്ഷേപമായി സ്വരൂപിക്കാൻ സാധിച്ചു. |
| (ഡി) | സഹകരണ സ്ഥാപനങ്ങളിൽ കുടിശ്ശിക നിവാരണത്തിനായി ഊർജ്ജിത നടപടികൾ സ്വീകരിക്കുമോ ; | (ഡി) | സഹകരണ സ്ഥാപനങ്ങളിൽ കുടിശ്ശിക നിവാരണത്തിനായി ഊർജ്ജിതമായ കർമ്മ പരിപാടികളാണ് പ്രാവർത്തികമാക്കിയിട്ടുള്ളത്. |
| (ഇ) | പൊതുമേഖലയ്ക്ക് നൽകിയ വായ്പകളിൽ എന്തു തുക കുടിശ്ശികയുണ്ട് എന്ന് വ്യക്തമാക്കുമോ ? | (ഇ) | കേരള സംസ്ഥാന സഹകരണ ബാങ്ക് മുഖേന കേരള ഇലക്ട്രിക്കൽസ് ലിമിറ്റഡിന് നൽകിയ വായ്പയിൽ 4,93,31,952 രൂപയും ട്രാക്കോ കേബിൾസിന് നൽകിയ വായ്പയിൽ 1,89,83,777 രൂപയും കുടിശ്ശികയായുണ്ട്. കൂടാതെ ആലപ്പുഴ ജില്ലാ സഹകരണ ബാങ്കിൽനിന്നും കേരള സ്റ്റേറ്റ് ഡ്രഗ്സ് ആന്റ് ഫാർമസ്യൂട്ടിക്കൽസ് ലിമിറ്റഡിന് നൽകിയ വായ്പയിൽ 6,24,989 രൂപയും കുടിശ്ശികയായുണ്ട്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരളനിയമസഭ

ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ 354

19.3.08– ൽ മറുപടിയ്ക്ക്

## സുരക്ഷാ ഭവന പദ്ധതി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.ബാബു പോൾ :<br>ശ്രീ.മാങ്കോട് രാധാകൃഷ്ണൻ:<br>ശ്രീ.വി.എസ്.സുനിൽ കുമാർ :<br>ശ്രീ.എ.കെ.ചന്ദ്രൻ: | ശ്രീ.ബിനോയ് വിശ്വം<br>(വനവും ഭവന നിർമ്മാണവും വകുപ്പു മന്ത്രി) |
| എ) സുരക്ഷാ ഭവന പദ്ധതി പ്രകാരം ഭവന രഹിതരാവർക്കു വീടുവച്ചു നൽകുന്നതിനുള്ള സർക്കാർ സബ്സിഡി ഉയർത്തിയിട്ടുണ്ടോ; എങ്കിൽ എത്ര തുകയുടെ വർദ്ധനവാണ് വരുത്തിയിട്ടുള്ളത്; | എ) ഉണ്ട്. വീടൊന്നിന് 16,000 രൂപയുടെ വർദ്ധനവാണ് വരുത്തിയിട്ടുള്ളത്. |
| ബി) ഈ പദ്ധതി പ്രകാരം എത്ര പേർക്കു വീടു നിർമ്മിച്ചു നൽകി; ഇനി എത്ര വീടുകൾ കൂടി നിർമ്മിക്കാൻ കഴിയുമെന്നറിയിക്കാമോ ; | ബി) 9000/– രൂപ സർക്കാർ സബ്സിഡി അനുവദിച്ചിരുന്ന സുരക്ഷാ പദ്ധതി പ്രകാരം 1055 വീടുകൾ നിർമ്മിച്ചിട്ടുണ്ട്. 1151 വീടുകളുടെ നിർമ്മാണം വിവിധ ഘട്ടങ്ങളിലാണ്. സന്നദ്ധ സംഘടനകൾ/തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ദാനശീലരും കാരുണ്യവാന്മാരുമായ വ്യക്തികൾ എന്നിവരുടെ സഹായത്തോടെ സർക്കാർ സബ്സിഡി വിനിയോഗിച്ച് 1763 വീടുകൾ കൂടി നിർമ്മിക്കാൻ കഴിയുന്നതാണ്. |
| സി) പട്ടികജാതി വികസന വകുപ്പിന്റെ കീഴിലുള്ള അയ്യായിരം കുടുംബങ്ങൾക്കു വീടു നിർമ്മിച്ചു നൽകുന്ന പദ്ധതിയിൽ ഭവന നിർമ്മാണ ബോർഡും നിർമ്മിതി കേന്ദ്രവും കൈവരിച്ച പുരോഗതി എത്രയാണെന്ന് വിശദമാക്കുമോ ? | സി) ഭവന നിർമ്മാണ ബോർഡ് 1848 വീടുകളുടെ പണി തുടങ്ങുകയും, കൂരവാർത്തതുൾപ്പെടെ1105 വീടുകളുടെ പണി പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. സംസ്ഥാന നിർമ്മിതി കേന്ദ്രം 2313 വീടുകൾ പണിതുടങ്ങി. 1363 വീടുകൾ പൂർണ്ണമായും നിർമ്മിച്ചു കഴിഞ്ഞു. ബാക്കി വീടുകളുടെ നിർമ്മാണം പുരോഗമിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ : 355 — 19.03.2008 -ൽ മറുപടിയ്ക്ക്

വനസംരക്ഷണ സമിതികളും ഇക്കോ ഡവലപ്മെന്റ് കമ്മിറ്റികളും

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ.സി. കുഞ്ഞിരാമൻ<br>ശ്രീ. വി.ജെ. തങ്കപ്പൻ<br>ശ്രീ. എം. ഹംസ<br>ശ്രീ. മഞ്ഞളാംകുഴി അലി<br>ശ്രീ. രാജു എബ്രഹാം. | ശ്രീ. ബിനോയ് വിശ്വം<br>(വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി) |

(എ) ഫോറസ്റ്റ് ഡവലപ്മെന്റ് ഏജൻസികൾക്ക് കീഴിലുള്ള വനസംരക്ഷണ സമിതികളുടേയും ഇക്കോ ഡവലപ്മെന്റ് കമ്മിറ്റികളുടേയും പ്രവർത്തനം ഊർജ്ജിതപ്പെടുത്തുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ്;

(എ) ഫോറസ്റ്റ് ഡവലപ്മെന്റ് ഏജൻസിയുടേയും ഏജൻസിയുടെ കീഴിലുള്ള വനസംരക്ഷണ സമിതികളുടേയും ഇക്കോ ഡവലപമെന്റ് കമ്മിറ്റികളുടേയും പ്രവർത്തനം ഊർജ്ജിതപ്പെടു ത്തുന്നതിനായി അപ്പോഴപ്പോൾതന്നെ ചെയർമാൻമാർക്കും ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ മാർക്കും വേണ്ടത്ര നിർദ്ദേശങ്ങൾ നൽകിവരുന്നുണ്ട്. എസ്റ്റിമേറ്റുകളും ബില്ലുകളുംമറ്റും കാലതാമസം കൂടാതെ മാറ്റി കൊടുക്കാനും വനസംരക്ഷണ സമിതി / ഇക്കോ ഡവലപ്മെന്റ് കമ്മിറ്റികളുടെയും കമ്മിറ്റികളും പൊതു-യോഗങ്ങളും യഥാസമയത്ത് നടത്താനുള്ള നിർദ്ദേശങ്ങളും ഇതിൽ ഉൾപ്പെടുന്നു. കൂടാതെ, വനസംരക്ഷണ സമിതി / ഇക്കോ ഡവലപ്മെന്റ് കമ്മിറ്റി സെക്രട്ടറി, പ്രസിഡന്റ് മറ്റുള്ളവർ എന്നിവർക്കുള്ള ബോധവൽക്കരണ പരിപാടികളും പരിശീലനങ്ങളും നൽകുന്നുണ്ട്. സൂക്ഷ്മാസൂത്രണരേഖ പുതുക്കാനും പുതിയവ ഉണ്ടാക്കാനും ധനസഹായം നൽകുന്നുണ്ട്. ഫോറസ്റ്റ് ഡവലപ്മെന്റ് ഏജൻസി പ്രവർത്തനങ്ങളുടെ വികസനം കണക്കിലെടുത്ത് സംസ്ഥാന-കേന്ദ്ര സർക്കാരുകളുടെ കീഴിലുള്ള മറ്റു വകുപ്പുകളിൽ നിന്നുള്ള ധനസഹായം വനവികാസ ഏജൻസികൾക്ക് ലഭ്യമാക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ ഔഷധ സസ്യങ്ങളുടെ കൃഷിക്കും സംസ്കരണത്തിനും വിപണനത്തിനും പ്രത്യേക ശ്രദ്ധ ചെലുത്തുന്നുണ്ട്. ഫോറസ്റ്റ് ഡവലപ്മെന്റ് ഏജൻസി മുഖേന വനസംര- ക്ഷണസമിതി / ഇക്കോ ഡവലപ്മെന്റ് കമ്മിറ്റിവഴി മുള നടീൽ, മുള കൊണ്ടുള്ള ഉത്പന്നങ്ങൾ ശേഖരണത്തിനുള്ള സൗകര്യം മുതലാ-യവയ്ക്ക് 2008-09-ലെയ്ക്കുള്ള ഒരു കർമ്മ പരിപാടി തയ്യാറാക്കി നാഷണൽ ബാംബൂമിഷന്റെ സാമ്പത്തിക സഹായം ലഭിക്കുവാനുള്ള പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലാണ്.. ദേശീയ ഔഷധസസ്യ ബോർഡിൽനിന്നും ധനസഹായം ലഭിക്കുന്നതിന് പ്രോജക്ടുകൾ തയ്യാറാക്കി നൽകാൻ ഉള്ള നടപടികളും

| | | | |
|---|---|---|---|
| | | | സ്വീകരിച്ചിട്ടുണ്ട്. മുൻ വർഷങ്ങളെ അപേക്ഷിച്ച് കേന്ദ്ര സർക്കാരിൽനിന്ന് ദേശീയ വനവൽക്കരണ പദ്ധതികൾക്ക് കൂടുതൽ ധനസഹായം ഇക്കൊല്ലം സമാഹരിക്കാൻ കഴിഞ്ഞിട്ടുണ്ട് എന്നുള്ള വസ്തുത ഫോറസ്റ്റ് ഡവലപ്മെന്റ് ഏജൻസികളുടെ പ്രവർത്തനത്തിലുള്ള പുരോഗതിയെ ചൂണ്ടിക്കാണിക്കുന്നു. |
| (ബി) | വനനശീകരണത്തിനെതിരെയുള്ള പ്രവർത്തനങ്ങളിൽ ഈ കമ്മിറ്റികളുടെ പ്രവർത്തനം എന്തുമാത്രം പ്രയോജനപ്പെട്ടിട്ടുണ്ട്; | (ബി) | സൂക്ഷ്മാസൂത്രണ രേഖയിൽ ഉൾപ്പെടുത്തി വനസംരക്ഷണ സമിതികളും ഇക്കോ ഡവലപ്മെന്റ് കമ്മിറ്റികളും വനനശീകരണത്തിനെതിരെയുള്ള സംരക്ഷണതന്ത്രങ്ങൾ പങ്കാളിത്ത വനപരിപാലനത്തിലൂടെ തയ്യാറാക്കി പ്രവർത്തനങ്ങൾ നടപ്പാക്കി വരുന്നുണ്ട്. കാട്ടുതീ തടയാനുള്ള നടപടികൾ വനസംരക്ഷണ സമിതികൾ/ഇക്കോ ഡവലപ്മെന്റ് കമ്മിറ്റികൾ ആസൂത്രണം ചെയ്ത് നടപ്പാക്കാൻവേണ്ട നിർദ്ദേശവും നൽകിയിട്ടുണ്ട്.<br>വനസംരക്ഷണ സമിതികൾ / ഇക്കോ ഡവലപ്മെന്റ് കമ്മിറ്റികൾ ഇക്കാര്യത്തിൽവേണ്ട ശുഷ്കാന്തി കാണിക്കുന്നുണ്ടെന്നും, വേണ്ട നടപടികൾ സ്വീകരിക്കുന്നുണ്ടെന്നുമുള്ള റിപ്പോർട്ടുകളാണ് ലഭിച്ചുവരുന്നത്. |
| (സി) | വനവൽക്കരണ പ്രവർത്തനങ്ങൾക്കായി സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ; എത്ര ഹെക്ടർ പ്രദേശത്ത് വനവൽക്കരണം നടത്താൻ കഴിഞ്ഞു എന്ന് വെളിപ്പെടുത്തുമോ ? | (സി) | വനവൽക്കരണ പ്രവർത്തനങ്ങൾക്കായി പത്താം പഞ്ചവൽസര പദ്ധതിയിൽ കേന്ദ്രസർക്കാർ ദേശീയ വനവൽക്കരണ പരിപാടി നടപ്പിലാക്കിയിട്ടുണ്ട്. ഈ പദ്ധതിയിൻകീഴിൽ പ്രക്ഷീണ വനപ്രദേശങ്ങളിൽ മരം വച്ചുപിടിപ്പിക്കുക എന്നുള്ള ഉദ്ദേശത്തോടൊപ്പംതന്നെ വനാശ്രിത സമൂഹങ്ങളുടെ സാമൂഹിക സ്ഥിതി മെച്ചപ്പെടുത്തുക എന്ന ഉദ്ദേശത്തോടെ ഉള്ള പരിപാടികളും ഉൾപ്പെടുത്തിയിട്ടുണ്ട്. 2002-ൽ ആരംഭിച്ച ഈ പരിപാടിയ്ക്ക് പത്താം പഞ്ചവൽസര പദ്ധതിയിൽ കേന്ദ്ര സർക്കാരിൽനിന്നും 2329.91 ലക്ഷം രൂപ ധനസഹായമായി ലഭിച്ചിട്ടുണ്ട്. ഈ ധനസഹായം ഉപയോഗിച്ച് 19914.45 ഹെക്ടർ സ്ഥലത്ത് വനവൽക്കരണം നടത്തിയിട്ടുണ്ട്. പതിനൊന്നാം പദ്ധതിയുടെ ആദ്യവർഷമായ 2007-08 ൽ 822.52 ലക്ഷം രൂപ ഇതിനകം ലഭിച്ചിട്ടുണ്ട്. വനവൽക്കരണ പദ്ധതിയിൽ ഉൾപ്പെട്ട വനാശ്രിത സമൂഹത്തിന്റെ ക്ഷേമത്തിനും വികസന പ്രവർത്തനങ്ങൾക്കുമായി എൻട്രി പോയിന്റ് ആക്റ്റിവിറ്റി എന്ന ഘടകം മുഖേന കുടിവെള്ളത്തിനായി കിണറുകൾ കുഴിക്കുക, റോഡുകളും ഓവുകളും നിർമ്മിക്കുക, സ്കൂൾ ഷെഡ്ഡുകൾ നിർമ്മിക്കുക, സൗരോർജ്ജം ഉപയോഗിച്ച് വൈദ്യുതീകരണം നടത്തുക, ചെക്ക്ഡാം നിർമ്മിക്കുക എന്നീ പരിപാടികളും നടപ്പിലാക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ

പതിമൂന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

| | |
|---|---|
| നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 356 | 19.3.2008 - ൽ മറുപടിക്ക് |

" ഹർത്താൽ വിമുക്ത ടൂറിസം മേഖല "

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ:<br>പ്രൊഫ. കെ. വി. തോമസ് :<br>ശ്രീ. അടൂർ പ്രകാശ് : | ശ്രീ. കോടിയേരി ബാലകൃഷ്ണൻ<br>ആഭ്യന്തരവും വിനോദ<br>സഞ്ചാരവും വകുപ്പ് മന്ത്രി. |
| (എ) അടിക്കടിയുണ്ടാകുന്ന ഹർത്താലുകളിൽ നിന്ന് ടൂറിസം മേഖലയെ ഒഴിവാക്കണമെന്ന നിർദ്ദേശം പരിഗണനയിലുണ്ടോ ; | (എ), (ബി) & (സി) ഇത്തരം ഒരു നിർദ്ദേശം പരിശോധിച്ചു വരുന്നു. |
| (ബി) എങ്കിൽ ഇക്കാര്യം ചർച്ച ചെയ്യുന്നതിനായി സർവ്വകക്ഷി യോഗം വിളിച്ചുകൂട്ടുന്ന കാര്യം പരിഗണിക്കുമോ ; | |
| (സി) ഹർത്താലിൽനിന്നും സംസ്ഥാനത്തെ പൂർണ്ണമായും ഒഴിവാക്കുന്നതിന് എല്ലാ അംഗീകൃത രാഷ്ട്രീയ കക്ഷികളുടെയും അംഗീകാരത്തോടെ ആവശ്യമായ നടപടി സ്വീകരിക്കുമോ ? | |

## പന്ത്രണ്ടാം കേരള നിയമസഭ
## 7-ാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. 357 — 19--03--2008-ൽ മറുപടിക്ക്

### ഹൈവേ പെട്രോളിംഗ്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. സി. എച്ച്. കുഞ്ഞമ്പു<br>ശ്രീ. ബി. ഡി. ദേവസ്സി<br>ശ്രീ. സി. എം. ദിനേശ് മണി<br>ശ്രീ. എ. സി. മൊയ്തീൻ<br>ശ്രീ. ആർ. സെൽവരാജ് | ശ്രീ.കോടിയേരി ബാലകൃഷ്ണൻ<br>(ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി) |
| (എ) ഹൈവേ പെട്രോളിംഗ് ശക്തമാക്കിയതിനെ തുടർന്ന് എന്തെങ്കിലും നേട്ടം ഉണ്ടാക്കാൻ കഴിഞ്ഞിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) ഹൈവേ പോലീസിനുവേണ്ടി എത്ര വാഹനങ്ങൾ വാങ്ങിയിട്ടുണ്ട്; | (ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഹൈവേ പോലീസിനുവേണ്ടി 42 ഷെവർലറ്റ് ടവേര വാഹനങ്ങൾ വാങ്ങിയിട്ടുണ്ട്. |
| (സി) ഈ വർഷം ഹൈവേ പോലീസ് എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ; | (സി) ഈ വർഷം(01--01--2008 മുതൽ 10--3--2008 വരെ) ഹൈവേ പോലീസ് പിടിച്ച് ബന്ധപ്പെട്ട സ്റ്റേഷനുകൾ വഴി 134 കേസുകൾ രജിസ്റ്റർ ചെയ്തു. |

(ഡി) വാഹന ഉടമകളിൽ നിന്നും ഹൈവേ പോലീസ് ഭീഷണിപ്പെടുത്തി കൈക്കൂലി വാങ്ങുന്നതായി പരാതി ലഭിച്ചിട്ടുണ്ടോ;

(ഇ) എങ്കിൽ ഇത് സംബന്ധിച്ച് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ ?

(ഡി) യും (ഇ) യും

ഭീഷണിപ്പെടുത്തി കൈക്കൂലി വാങ്ങുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ അനധികൃതമായി പണംപിരിവ് നടത്തിയതായ പരാതികൾ ലഭിച്ചിട്ടുള്ളതും ടി പരാതികളെ കുറിച്ച് അന്വേഷണം നടത്തിയിട്ടുള്ളതും ആരോപണം തെളിയിക്കാൻ കഴിയാത്തതിനാൽ മറ്റ് നടപടികൾ സ്വീകരിച്ചിട്ടില്ലാത്തതുമാണ്. കൂടാതെ ഇതിന്റെ ഭാഗമായി നെയ്യാറ്റിൻകര ഭാഗത്ത് 3--3--2008-ൽ നെയ്യാറ്റിൻകര അസിസ്റ്റന്റ് പോലീസ് സൂപ്രണ്ട്, ഹൈവേ പട്രോൾ Kilo -40 ൽ പരിശോധന നടത്തുകയും തൽസമയം ഡ്യൂട്ടിയിലുണ്ടായിരുന്ന ഉദ്യോഗസ്ഥർ പണം പിരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് ടി സമയം ഡ്യൂട്ടിയിലുണ്ടായിരുന്ന മൂന്ന് പേർക്കെതിരായി (Grade HC. 8833 ജനാർദ്ദനൻ, Grade HC. 7265 ജയചന്ദ്രബാബു, Dvr. P.C. 3436 പോൾ) ഡിപ്പാർട്ട്മെന്റ് നടപടി സ്വീകരിച്ചിട്ടുള്ളതും മൂന്നു മാസത്തെ തീവ്രപരിശീലനത്തിന് അയച്ചിട്ടുള്ളതുമാണ്.

സെക്ഷൻ ഓഫീസർ

# പന്ത്രണ്ടാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം : 358

19-03-2008-ലെ മറുപടിക്ക്

## കെ. എസ്. ഇ. ബി യിലെ കമ്പ്യൂട്ടർവത്കരണം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. അൽഫോൺസ് കണ്ണന്താനം, എം. എൽ. എ.<br>ശ്രീ. ബാബു എം. പാലിശ്ശേരി, എം. എൽ. എ.<br>ശ്രീ. കെ.കെ. ദിവാകരൻ, എം. എൽ. എ.<br>ശ്രീ. കെ. വി. കുഞ്ഞിരാമൻ, എം. എൽ. എ.<br>ശ്രീ. എം. എം. മോനായി, എം. എൽ. എ. | ശ്രീ. എ. കെ. ബാലൻ<br>(പട്ടികസമുദായ ക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി ) |
| എ). കേരള സംസ്ഥാന വൈദ്യുതി ബോർഡിൽ സ്വതന്ത്ര സോഫ്റ്റ് വെയർ ഉപയോഗിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ; | എ). ഉണ്ട്. വൈദ്യുതി ബോർഡിനു വേണ്ടി ബില്ലിംഗ്, ഡിസ്ട്രിബ്യൂഷൻ മാനേജ്മെന്റ്, ഓഫീസ് ഓട്ടോമേഷൻ, മാനവശേഷി വികസനം, അക്കൗണ്ട്സ്, മെറ്റീരിയൽ മാനേജ്മെന്റ് എന്നീ മേഖലകൾ കമ്പ്യൂട്ടർ വത്കരിക്കുവാനും അതിൽ, മുന്തിയ പരിഗണന ബില്ലിംഗിന് നൽകുവാനും 29-12-2006 തീയതിയിലെ ബോർഡ് ഓർഡർ പ്രകാരം ഉത്തരവായി. ഇതിനുവേണ്ടി GNU/LINUX ഓപ്പറേറ്റിംഗ് സിസ്റ്റം ആയി തെരഞ്ഞെടുക്കുവാനും സ്വതന്ത്ര സോഫ്റ്റ് വെയർ അടിസ്ഥാനത്തിലുള്ള ഡാറ്റാ ബേസ് സോഫ്റ്റ് വെയർ ഉപയോഗിക്കുവാനും തീരുമാനിച്ചു. |
| ബി. ഇതുമൂലം ബോർഡിന് പ്രതിവർഷം എന്തു തുക ലാഭമുണ്ടാക്കാൻ കഴിയുമെന്നാണ് കണക്കാക്കപ്പെട്ടിട്ടുള്ളത്; | ബി. മേൽപ്പറഞ്ഞ മേഖലകളെല്ലാം കമ്പ്യൂട്ടർ വത്കരിക്കുന്നതിലൂടെ എന്തു തുക ലാഭമുണ്ടാകും എന്ന് കണക്കാക്കപ്പെട്ടിട്ടില്ല. എന്നാൽ എൽ.റ്റി. ബില്ലിംഗ് കമ്പ്യൂട്ടർവൽക്കരണം 452 സെക്ഷനുകളിൽ നടപ്പിലാക്കുന്നതോടുകൂടി 401.26 ലക്ഷം രൂപ ലാഭിക്കുവാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.<br>തുടർന്ന്, ആവർത്തനച്ചെലവ് ഒഴിവാക്കുന്നതുമൂലം പ്രതിവർഷം ഉദ്ദേശം ഒരുകോടി രൂപ ലാഭിക്കുമെന്ന് കണക്കാക്കുന്നു.<br>താരിഫ് ഉൾപ്പെടെ കാലാകാലങ്ങളിൽ വരുന്ന മാറ്റങ്ങൾ സോഫ്റ്റ്വെയറിൽ ഉൾക്കൊള്ളിക്കുന്നതിന് സോഫ്റ്റ്വെയർ കമ്പനികൾ പ്രത്യേകം ഫീസ് ഈടാക്കാറുണ്ട്. ബോർഡിലെ ജീവനക്കാർ തന്നെ സ്വന്തമായി സോഫ്റ്റ് വെയർ വികസിപ്പിച്ചെടുക്കുന്നതുമൂലം ഈയിനത്തിലുള്ള ആവർത്തനച്ചെലവുകളും ലാഭിക്കുന്നതാണ്. |

| | | | |
|---|---|---|---|
| സി. | ബോർഡിലെ കമ്പ്യൂട്ടർവൽക്കരണത്തിന്റെ ചുമതല മുമ്പ് ആർക്കാണ് നൽകിയിരുന്നത്; വിശദാംശം ലഭ്യമാക്കാമോ; | സി. | സംസ്ഥാന വൈദ്യുതി ബോർഡിലെ മാനേജ്മെന്റ് ഇൻഫർമേഷൻ സിസ്റ്റം(MIS) വിഭാഗത്തിനാണ് കമ്പ്യൂട്ടർവൽക്കരണത്തിന്റെ ചുമതല. ഈ വിഭാഗം വൈദ്യുതി ബോർഡ് ചെയർമാന്റെ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്നു. |
| ഡി. | സ്വതന്ത്ര സോഫ്റ്റ് വെയർ ഉപയോഗിച്ച് ബോർഡിന് ആവശ്യമായ സോഫ്റ്റ്വെയർ തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ? | ഡി. | വൈദ്യുതി ബോർഡിലെ ബില്ലിംഗ്, ഡിസ്ട്രിബ്യൂഷൻ മാനേജ്മെന്റ്, ഓഫീസ് ഓട്ടോമേഷൻ, മാനവശേഷി വികസനം, അക്കൗണ്ടിംഗ്, മെറ്റീരിയൽ മാനേജ്മെന്റ് തുടങ്ങിയ എല്ലാ മേഖലകളും കമ്പ്യൂട്ടർവൽക്കരിക്കാനുള്ള സോഫ്റ്റ്വെയർ തയ്യാറായിട്ടില്ല. എന്നാൽ മുന്തിയ പരിഗണന നൽകിയ എൽ.റ്റി. ബില്ലിംഗിനാവശ്യമായ 'ഒരുമ' എന്ന സോഫ്റ്റ്വെയർ സ്വതന്ത്ര സോഫ്റ്റ്വെയർ ഉപയോഗിച്ച് തയ്യാറാക്കിയിട്ടുണ്ട്.<br>സ്വതന്ത്ര സോഫ്റ്റ്വെയർ ഉപയോഗിച്ചുള്ള എൽ.റ്റി. ബില്ലിംഗ് സോഫ്റ്റ് വെയറിന്റെ നിർമ്മാണ പ്രവർത്തനം 2007 ജനുവരി മാസത്തിൽ ആരംഭിച്ചു. 2007 ആഗസ്റ്റ് 6 മുതൽ ഈ സോഫ്റ്റ്വെയർ പരീക്ഷണാടിസ്ഥാനത്തിൽ തിരുവനന്തപുരം ജില്ലയിലെ കന്യാകുളങ്ങര സെക്ഷനിൽ ഉപയോഗിച്ചു തുടങ്ങി. ഇതിനെത്തുടർന്ന് തെരഞ്ഞെടുക്കപ്പെട്ട 12 ഇലക്ട്രിക്കൽ സെക്ഷനുകളിൽ പൈലറ്റ് ഇംപ്ലിമെന്റേഷൻ നടത്തിയിട്ടുണ്ട്.<br>സംസ്ഥാനത്തൊട്ടാകെയുള്ള സെക്ഷനുകളിൽ ഇത് വ്യാപിപ്പിക്കുവാനുള്ള തുടർനടപടികൾ സ്വീകരിച്ചുവരുന്നു. |

KG Meera Rani

സെക്ഷൻ ഓഫീസർ.

പന്ത്രണ്ടാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട നിയമസഭ ചോദ്യം നമ്പർ : ✱ 359

19.03.2008-ൽ മറുപടിയ്ക്ക്

ദേവസ്വം ബോർഡുകൾ സ്വകാര്യ ബാങ്കുകളിൽ പണം നിക്ഷേപിച്ച നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എൻ.ശക്തൻ:<br>ശ്രീ.പി.സി.വിഷ്ണുനാഥ്: | ശ്രീ.ജി.സുധാകരൻ<br>ബഹുമാനപ്പെട്ട സഹകരണവും കയറും ദേവസ്വവും വകുപ്പ് മന്ത്രി. |
| (എ) തിരുവിതാംകൂർ ദേവസ്വം ബോർഡ്, കൊച്ചി ദേവസ്വം ബോർഡ്, ഗുരുവായൂർ ദേവസ്വം ബോർഡ് എന്നിവ സ്വകാര്യ ബാങ്കുകളിൽ പണം നിക്ഷേപിച്ചിട്ടുണ്ടോ; | (എ) ഉണ്ട്. സ്വകാര്യ ഷെഡ്യൂൾഡ് ബാങ്കുകളിൽ പണം നിക്ഷേപിച്ചിട്ടുണ്ട്. |
| (ബി) ഉണ്ടെങ്കിൽ ഏതെല്ലാം സ്വകാര്യ ബാങ്കുകളിൽ എത്ര തുക വീതം നിക്ഷേപിച്ചിട്ടുണ്ടെന്നു് വെളിപ്പെടുത്തുമോ; | (ബി) & (സി) തിരുവിതാംകൂർ ദേവസ്വം ബോർഡ് ധനലക്ഷ്മി ബാങ്കിൽ 2,14,25,91,579/- രൂപയും ലോർഡ് കൃഷ്ണ ബാങ്കിൽ 11,46,72,789/- രൂപയും സിറ്റി യൂണിയൻ ബാങ്കിൽ 2,16,59,813/- രൂപയും ഫെഡറൽ ബാങ്കിൽ 49,93,752/- രൂപയും ഇൻഡസ് ഇൻഡ് ബാങ്കിൽ 1,00,00,000/- രൂപയും തിരുവനന്തപുരം ജില്ലാ സഹകരണ ബാങ്കിൽ |

(സി) എത്ര വർഷത്തേക്കാണ് തുക നിക്ഷേപിച്ചിരിക്കുന്നത്;

8,71,569/- രൂപയും നിക്ഷേപിച്ചിട്ടുണ്ട്. ഓരോ വർഷത്തേക്കാണ് തുക നിക്ഷേപിച്ചിട്ടുള്ളത്. കൂടാതെ ഹ്രസ്വകാല നിക്ഷേപമായി ധനലക്ഷ്മി ബാങ്കിൽ 44,76,39,577/- രൂപയും ഉണ്ട്. കൊച്ചി ദേവസ്വം ബോർഡിൽ സ്വകാര്യ ഷെഡ്യൂൾഡ് ബാങ്കായ ധനലക്ഷ്മി ബാങ്കിൽ 10,85,56,308.32 രൂപ നിക്ഷേപമുണ്ട്. 1 മുതൽ 3 വരെ വർഷത്തേക്കാണ് നിക്ഷേപിച്ചുവരാറുള്ളത്. ഗുരുവായൂർ ദേവസ്വത്തിന് സ്വകാര്യ ഷെഡ്യൂൾഡ് ബാങ്കായ ഗുരുവായൂർ കാത്തലിക് സിറിയൻ ബാങ്കിൽ 8,00,60,683/- രൂപയും മമ്മിയൂർ കാത്തലിക് സിറിയൻ ബാങ്കിൽ 2,39,11,110/- രൂപയും പഞ്ചാബ് സെഞ്ചൂറിയൻ ബാങ്കിൽ 42,74,56,832/- രൂപയും ധനലക്ഷ്മി ബാങ്കിൽ 42,78,96,232/- രൂപയും സൗത്ത് ഇൻഡ്യൻ ബാങ്കിൽ 32,70,53,703/- രൂപയും നിക്ഷേപമുണ്ട്. 3 വർഷത്തേക്കാണ് നിക്ഷേപിച്ചുവരുന്നത്.

40% ദേശീയ ബാങ്കുകൾ, 30% സംസ്ഥാന-ജില്ലാ സഹകരണ ബാങ്കുകൾ, 20% ഷെഡ്യൂൾഡ് ബാങ്കുകൾ 10% സ്വകാര്യ ബാങ്കുകൾ എന്നിവയിൽ നിക്ഷേപിക്കാനാണ് സർക്കാർ നിർദ്ദേശിച്ചിരുന്നത്. അത് തിരുവിതാംകൂർ ദേവസ്വം ബോർഡും, കൊച്ചി ദേവസ്വം ബോർഡും നടപ്പാക്കിയിട്ടില്ല. സർക്കാരിന് ഇടപെടാൻ ഇപ്പോൾ അധികാരമില്ല. ഷെഡ്യൂൾഡ് സ്വകാര്യ ബാങ്കുകളിൽ 30% ഇടാനാണ് നിർദ്ദേശം നൽകിയിരുന്നത്.

| | |
|---|---|
| (ഡി) ഈ സ്ഥാപനങ്ങൾ സ്വകാര്യ ബാങ്കുകളിൽ പണം നിക്ഷേപിക്കുന്നതിനുള്ള കാരണം വ്യക്തമാക്കുമോ? | (ഡി) തിരുവിതാംകൂർ-കൊച്ചി ഹിന്ദുമത സ്ഥാപന ആക്ടിലെ സെക്ഷൻ 34, സെക്ഷൻ 77 എന്നിവയിലെ വ്യവസ്ഥകളനുസരിച്ചാണു് തിരുവിതാംകൂർ, കൊച്ചി ദേവസ്വം ബോർഡുകൾ ഷെഡ്യൂൾഡ് ബാങ്കുകളിൽ പണം നിക്ഷേപിക്കുന്നതു്. റിസർവ്വ് ബാങ്ക് ഷെഡ്യൂൾ ചെയ്ത ഗുരുവായൂരിൽ ശാഖകളുള്ള ബാങ്കിൽ ഗുരുവായൂർ ദേവസ്വം ഫണ്ടു് നിക്ഷേപിക്കാൻ ഗുരുവായൂർ ദേവസ്വം ആക്ട് അനുശാസിക്കുന്നുണ്ടു് (ചട്ടം 18 (1)). ആയതു് പ്രകാരം ദേവസ്വം ഭരണസമിതിയുടെ അനുമതിയോടുകൂടി ബാങ്കുകളിൽ ഗുരുവായൂർ ദേവസ്വം സംഖ്യ നിക്ഷേപിച്ചുവരുന്നു. |

Sulathaan

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ 360

19-03-2008-ൽ മറുപടിയ്ക്ക്

മറീന പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സാജു പോൾ:<br>ശ്രീ. സി.എം. ദിനേശ്മണി:<br>***ശ്രീ. എം.കെ. പുരുഷോത്തമൻ :***<br>ശ്രീ. എ.എം. യൂസഫ്:<br>ശ്രീ. എം.എം.മോനായി: | ശ്രീ. കോടിയേരി ബാലകൃഷ്ണൻ<br>(ആഭ്യന്തരവും വിനോദസഞ്ചാരവും<br>വകുപ്പു മന്ത്രി) |
| എ) ബോൾഗാട്ടി ദ്വീപിൽ ആരംഭിക്കുന്ന മറീന പദ്ധതിയുടെ വിശദാംശം വെളിപ്പെടുത്തുമോ; | എ) പുറം കടലുകളിൽക്കൂടി സഞ്ചരിക്കുന്ന ഉല്ലാസ നൗകകൾക്ക് തീരത്തോട് ചേർന്ന് നങ്കൂരമിട്ട് കിടക്കാനും മറ്റും ആവശ്യമായ ഭൗതിക സൗകര്യങ്ങൾ ഒരുക്കിക്കൊടുക്കുന്ന സ്ഥലത്തിനെയാണ് മെറീനാ എന്നു വിളിക്കുന്നത്. നങ്കൂരമിടുന്ന സ്ഥലത്തിന് പുറമെ ഇന്ധനം നിറക്കാനുള്ള സൗകര്യം, നാവികർക്ക് താമസ/ഭക്ഷണ സൗകര്യം, വിനോദത്തിനായുള്ള സ്ഥല സൗകര്യങ്ങൾ എന്നിവയും മറീനായുടെ ഭാഗങ്ങളാണ്. ഇന്ത്യയിലെ ആദ്യത്തെ മറീനയാണ് ബോൾഗാട്ടിയിൽ കെ.റ്റി.ഡി.സി. നിർമ്മാണം ആരംഭിച്ചിരിക്കുന്ന മറീനാ. |
| ബി) വോൾവോ ഏഷ്യൻ റെയ്സ് കൊച്ചിയിൽ കേന്ദ്രമാക്കുന്നതിലൂടെ സംസ്ഥാന ടൂറിസം വികസനത്തിന് ഉണ്ടാകുന്ന നേട്ടങ്ങൾ എന്തെല്ലാമാണ്; വോൾവോ ഏഷ്യൻ റെയ്സ് പ്രോഗ്രാം സംബന്ധിച്ച വിശദാംശം വെളിപ്പെടുത്തുമോ; | ബി) ലോകത്തിലെ വിവിധ ഭൂഖണ്ഡങ്ങളിലൂടെ കടന്നുപോകുന്ന രാജ്യാന്തര നൗകകളുടെ മത്സരമാണ് വോൾവോ ഓഷ്യൻ റെയ്സ്. അടുത്ത വോൾവോ ഓഷ്യൻ റെയ്സ് (2008-09) ഒക്ടോബർ 2008-ൽ സ്പെയിനിലെ അലികാന്റിൽ നിന്നാരംഭിച്ച് 9 മാസങ്ങൾക്കുശേഷം ജൂലൈ 2009-ൽ റഷ്യയിലെ സെന്റ് പീറ്റേഴ്സ് ബർഗിൽ അവസാനിക്കും. 39,325 നാട്ടിക്കൽ മൈലുകൾ (Nautical Miles) താണ്ടുന്ന ഈ മത്സരം കൊച്ചി കൂടാതെ ലോകത്തിലെ മറ്റ് 10 പ്രധാനപ്പെട്ട തുറമുഖങ്ങളിൽ കൂടി കടന്നു |

പോകുന്നുണ്ട്. ലോകത്തിലെ ഇതര പ്രമുഖ തുറമുഖങ്ങളോടൊപ്പം കൊച്ചിയെ വോൾവോ ഓഷ്യൻ റെയ്സിന്റെ ഒരു Stopover Port ആയി തിരഞ്ഞെടുത്തത് സംസ്ഥാനത്തെ ടൂറിസം വികസനത്തിന് ഒരു കുതിച്ചു ചാട്ടത്തിന് വഴി തെളിക്കുമെന്നാണ് കരുതുന്നത്. വോൾവോ ഓഷ്യൻ റെയ്സിന്റെ കൂടെ യാത്ര ചെയ്യുന്ന അന്താരാഷ്ട്ര ദൃശ്യ-പത്ര മാധ്യമങ്ങളുടെ ആളുകൾക്കും ഇതിനോടൊപ്പം ഉള്ള മറ്റുള്ളവർക്കും മറ്റുമായി കൊച്ചിയിലെ എല്ലാം ഹോട്ടലുകളും റെയ്സ് കൊച്ചിയിൽ എത്തുന്ന 2009 ജനുവരിയിലേക്ക് ഇപ്പോഴേ ബുക്ക് ചെയ്തു കഴിഞ്ഞു. സംസ്ഥാന ടൂറിസം വകുപ്പും കെ.റ്റി.ഡി.സി.യും, കൊച്ചി പോർട്ട് ട്രസ്റ്റും ചേർന്നാണ് വോൾവോ ഓഷ്യൻ റെയ്സിന്റെ കൊച്ചിയിലെ മത്സരത്തിന് വേദിയൊരുക്കുന്നത്. വോൾവോ ഓഷ്യൻ റെയ്സ് കൊച്ചിയിൽ എത്തുന്നതോടു കൂടി അന്താരാഷ്ട്ര തലത്തിൽ കേരളത്തിന്റെ ടൂറിസം സാധ്യതകൾ കൂടുതൽ മെച്ചപ്പെടുന്നതാണ്.

സി) ഈ പരിപാടി ഏത് ഏജൻസി മുഖേനയാണ് നടപ്പാക്കുന്നത് ; മറീന സ്ഥാപിക്കാനായി എന്ത് ചെലവ് പ്രതീക്ഷിക്കുന്നു;

സി) വോൾവോ ഓഷ്യൻ റെയ്സ് കൊച്ചിയിൽ നടന്നുന്നത് സംസ്ഥാന ടൂറിസം വകുപ്പും കെ.റ്റി.ഡി.സി.യും കൊച്ചി പോർട്ട് ട്രസ്റ്റും ചേർന്നാണ്. വോൾവോ ഇവന്റ് മാനേജ്മെന്റ് യൂ.കെ. യാണ് വോൾവോ ഓഷ്യൻ റെയ്സ് സംഘടിപ്പിക്കുന്നത്.

കെ.റ്റി.ഡി.സി. നടപ്പാക്കുന്ന മറീനാ പദ്ധതിയുടെ നിർമ്മാണ ചുമതല കിറ്റ്കോയെയാണ് ഏൽപ്പിച്ചിരിക്കുന്നത്. രണ്ടു ഘട്ടങ്ങളിലായി നടപ്പാക്കുന്ന ഈ പദ്ധതിക്ക് 8.5 കോടി രൂപയാണ് ചിലവ് പ്രതീക്ഷിക്കുന്നത്.

ഡി) ഈ പരിപാടി നടപ്പാക്കുന്നതിലൂടെ അന്താരാഷ്ട്ര തലത്തിൽ ടൂറിസവുമായി ബന്ധപ്പെട്ട് കേരളത്തിനുണ്ടാക്കാൻ കഴിയുന്ന പ്രയോജനം എന്താണ്; പദ്ധതി നടപ്പാക്കുന്നതിന് എന്തു തുക

ഡി) വോൾവോ ഓഷ്യൻ റെയ്സ് കടന്നു പോയിട്ടുള്ള തുറമുഖങ്ങളിലും അതുമായി ബന്ധപ്പെട്ട നഗരങ്ങളിലെല്ലാം തന്നെ വമ്പിച്ച സാമ്പത്തിക നേട്ടം മുൻകാലങ്ങളിൽ ഉണ്ടായിട്ടുണ്ടെന്നാണ് അറിയാൻ കഴിഞ്ഞിട്ടുള്ളത്. കഴിഞ്ഞ വോൾവോ ഓഷ്യൻ

ചെലവ് പ്രതീക്ഷിക്കുന്നു ?

റെയ്സിൽ പങ്കെടുത്ത ഗലീഷ്യാ സ്പെയിനിൽ ഏകദേശം 70 മില്യൻ അമേരിക്കൻ ഡോളർ (ഏകദേശം 273 കോടി രൂപ) സാമ്പത്തിക നേട്ടം ഉണ്ടാക്കിയതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. അന്താരാഷ്ട്രതലത്തിൽ ടൂറിസവുമായി ബന്ധപ്പെട്ട് നമ്മുടെ സംസ്ഥാനത്തിന് കൂടുതൽ മെച്ചപ്പെട്ട രീതിയിൽ വിപണനം നടത്താൻ വോൾവോ റെയ്സ് വഴിവയ്ക്കും. സംസ്ഥാന ടൂറിസം വകുപ്പിന് വേണ്ടി കെ.റ്റി.ഡി.സിയും, കൊച്ചി പോർട്ട് ട്രസ്റ്റുമാണ് റെയ്സിനുവേണ്ട സൗകര്യങ്ങൾ ഏർപ്പെടുത്തിക്കൊടുക്കുന്നത്. ഇതിനാവശ്യമായ തുക സ്പോൺസർഷിപ്പിലൂടെയും പരസ്യത്തിലൂടെയും മറ്റും സമാഹരിക്കാൻ ശ്രമിക്കുന്നതാണ്. ഇതിന്റെ പ്രാരംഭ നടപടികൾ ആരംഭിച്ചതേയുള്ളൂ. വിശദമായ കണക്കുകൾ അറിഞ്ഞതിനു ശേഷം മാത്രമേ ഇതിനായി എന്തു തുക ചെലവ് വരുമെന്ന് പറയാൻ സാധിക്കുകയുള്ളൂ. ഏകദേശം 2.5 ലക്ഷത്തോളം ആളുകൾ ഇതുമായി ബന്ധപ്പെട്ട് നിർമ്മിക്കുന്ന റെയ്സ് വില്ലേജ് സന്ദർശിക്കുമെന്നാണ് കണക്കാക്കിയിട്ടുള്ളത്. 3-4 ആഴ്ചകൾ സന്ദർശകർ കൊച്ചി കേന്ദ്രമാക്കി താമസിക്കുമെന്നുമാണ് കരുതുന്നത്.

മറീനാ പദ്ധതി കൊച്ചിയിൽ നടപ്പാക്കുന്നതിലൂടെ ധാരാളം ഉല്ലാസ നൗകകൾ കൊച്ചിയിൽ വന്നു ചേരാനും അതുമായി ബന്ധപ്പെട്ട് കേരളത്തിന്റെ ടൂറിസം വികസനം പ്രയോജനപ്പെടാനും സാധ്യമാകും.

Saraswathi

സെക്ഷൻ ഓഫീസർ